NERVEEDHI

Volume -13, Issue -11, 10th November 2024, Monthly, Price ₹ 25, Published at Kottayam

വാല്യം–13, ലക്കം–10, നവംബർ 2024 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## തിന്മയുടെ കുത്തൊഴുക്കിൽ പതറാതെ...

പേജ് 13

Editorial

# അർത്ഥപൂർണ്ണമായ ജീവിതം

എത്ര വർഷം ജീവിച്ചു എന്നതിലല്ല, 'എങ്ങനെ ജീവിച്ചു' 'എങ്ങനെ അവസാനിച്ചു' എന്നതാണ് പരിഗണനാർഹമായിരിക്കേണ്ടത്. യേശുകർത്താവ് നല്ല യൗവ്വനത്തിൽ ക്രൂശുമരണം പ്രാപിക്കുന്നതിന് മുമ്പ്, പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യം സമ്പൂർണ്ണമായി നിറവേറ്റി. 'സകലവും നിവൃത്തിയായി' എന്നു പറഞ്ഞു തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കരങ്ങളിൽ ഏൽപ്പിച്ചു. അതുപോലെ തന്നെ യൗവ്വനത്തിൽ സ്തേഫാനോസ് മരണസമയത്തിങ്കൽ, ക്രൂദ്ധരായി തന്നെ കല്ലെറിയുന്നവരെ അല്ല കണ്ടത്, മറിച്ചു 'സ്വർഗ്ഗം തുറന്നിരിക്കുന്നതും പിതാവിന്റെ വലഭാഗേ ക്രിസ്തുയേശു നിൽക്കുന്നതും' കണ്ടതുകൊണ്ടാണ് തികഞ്ഞ പ്രത്യാശയിൽ കണ്ണടച്ചത്.

ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനം നല്ലതായിരിക്കണമെന്നാണ് ജ്ഞാനിയായ ശലോമോൻ പ്രസ്താവിച്ചിട്ടുള്ളത്. അർത്ഥപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നുവെങ്കിലേ സംതൃപ്തിയോടെയും മറ്റുള്ളവർക്ക് പ്രചോദനം ഏകിക്കൊണ്ടുമുള്ള ഒരു അവസാനം പ്രാപിക്കുവാൻ കഴിയുകയുള്ളൂ. 'ഭക്തന്മാർ മരിക്കുന്നതു പോലെ' ഒരു 'ജീവാവസാനം' ആഗ്രഹിച്ച ബിലെയാമിന് ഒരു ഭക്തനായി ജീവിക്കായ്ക കൊണ്ടുതന്നെ അത് അപ്രാപ്യമായി. വചനാനുസരണം ജീവിച്ചെങ്കിൽ മാത്രമേ ഉത്തമമായ അവകാശം കരഗതമാക്കുവാൻ കഴിയുകയുള്ളൂ. 'തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു' എന്നു പറയുമ്പോൾ, ജീവിതവും ദൈവത്തിനു വിലയേറിയതായിരിക്കണമെന്നു വരികൾക്കിടയിൽ നിന്നും വായിക്കേണ്ടതാണ്. ജീവിതവും പ്രസാദകരം ആയിരുന്നതുകൊണ്ടാണല്ലോ ഭക്തന്മാരുടെ മരണത്തിൽ ദൈവത്തിനു പ്രസാദമുള്ളത്. ആത്മാവിൽ നല്ല തുടക്കം കുറിച്ചിട്ടു ജഡത്തിൽ അവസാനിപ്പിക്കേണ്ടി വന്ന ദുര്യോഗം ചിലർക്കുണ്ടായത് തിരുവെഴുത്തിൽ നമ്മുടെ ബുദ്ധിയുപദേശത്തിനായി എഴുതിയിട്ടുമുണ്ട്. ശരീരത്തെയും ആത്മാവിനെയും മലീമസമാക്കുന്ന എല്ലാറ്റിൽ നിന്നും നമ്മെത്തന്നെ ശുദ്ധീകരിച്ചു കൊണ്ട് ദൈവഭക്തിയിൽ വിശുദ്ധിയെ തികയ്ക്കാം. ആകയാൽ ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും ചിന്താമണ്ഡലത്തെയും മനോഭാവത്തെയും സൂക്ഷിച്ചു കൊണ്ടും ആത്മീയ യാത്രയിൽ പിമ്പിലുള്ള സകലത്തെയും മറന്നു കൊണ്ടും മുമ്പിലുള്ള ക്രിസ്തുകേന്ദ്രീകൃതമായ ലക്ഷ്യത്തിലേക്കു ഫോക്കസ് ചെയ്തു കൊണ്ടും നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടി, വിരുത് പ്രാപിക്കുവാൻ നമുക്കും ഉത്സാഹിക്കാം. ഈ വിഷയത്തിന് ഊന്നൽ കൊടുത്തു കൊണ്ടാണ് ഈ ലക്കത്തിലെ സന്ദേശം നമ്മോടു ഇടപെടുന്നത്.

അന്ത്യകാലത്തിന്റെ അവസാനനിമിഷത്തിൽ എത്തിനിൽക്കുന്ന നമ്മുടെ ജീവിതം എത്ര ശ്രദ്ധയോടും സൂക്ഷ്മതയോടും ആത്മനടത്തിപ്പിൽ പരിപാലിക്കണം എന്നു നമ്മെ പ്രബോധിപ്പിച്ചുണർത്തുന്നതാണ് തുടർന്നുള്ള ഓരോ ലേഖനങ്ങളും. വളരെ ശ്രദ്ധയോടെ ഓരോന്നും വായിച്ചനുസരിച്ചു നല്ലൊരു ജീവാവസാനത്തിനായി ഒരുങ്ങണം എന്ന പ്രബോധനത്തോടെ ഈ ലക്കം മാസിക മാന്യ വായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 13 ലക്കം 11
നവംബർ 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ജീവിത സമാപ്തിയിങ്കലെ സംതൃപ്തി** 4
ജോയ് എം. തോമസ്

**ന്യായവിധിക്കു മുമ്പ് കരുണ** 7
സാജു മാത്യു

**പരിജ്ഞാനപാതയിൽ നിന്ന് പിന്തിരിഞ്ഞാൽ...** 9
ചെയ്സ് ജോസഫ്

**സാത്താന്റെ വിഷമുള്ള് ഇല്ലാതാക്കുക ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**തിന്മയുടെ കുത്തൊഴുക്കിൽ പതറാതെ...** 13
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**പ്രീമാരിറ്റൽ കൗൺസലിംഗിന്റെ പ്രസക്തി** 16
ഡോ. സുജിത്ത് സൈമൺ

**ശിഷ്യത്വ പരിശീലനം സഭയുടെ മുഖ്യ ആവശ്യം** 18
ഡോ. സി.റ്റി. ലൂസ്കുട്ടി

**ഹൃദയത്തിൽ കർത്താവിന് കീർത്തനം ചെയ്തും...** 21
സാജൻ തമ്പി

**വനിതാ വീഥി** 24
സുജ വിനു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# ജീവിത സമാപ്തിയിങ്കലെ സംതൃപ്തി

ഈ ഭൂമിയിൽ അല്പായുസുള്ളവരാണ് നാം. എന്നാൽ നിത്യതയ്ക്കായി ദൈവം നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തിരിക്കുന്നു. ഈ ബോധ്യം നമ്മിൽ നിലനിൽക്കുന്നു എങ്കിൽ നാം ദിശാബോധമുള്ളവരും ജീവിതോദ്ദേശ്യം മനസ്സിലാക്കി ജീവിക്കുവാൻ ഉത്സാഹിക്കുന്നവരും ആയിരിക്കും. ഇതിനപ്പുറം ഒരു അനുഗ്രഹം നമുക്ക് പ്രാപിക്കുവാൻ ഉണ്ടോ?

എന്തായിരിക്കും ജീവിതാവസാനത്തിങ്കൽ സംതൃപ്തി നൽകുന്ന സംഗതി? എന്തു കണ്ടുകൊണ്ട് കണ്ണുകൾ അടയ്ക്കുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ എന്തായിരിക്കും പറയുവാൻ കഴിയുക? ജീവിതം അർത്ഥപൂർണ്ണമായി ജീവിച്ചതിന് ഒരു നല്ല ഉദാഹരണമാണ് അപ്പോസ്തലനായ പൗലോസ്. സംതൃപ്തിയുടെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും വാക്കുകളാണ് അവസാനം അദ്ദേഹത്തിന് പറയുവാൻ ഉണ്ടായിരുന്നത്. താൻ പറഞ്ഞു:'ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ.' (2 തീമോഥെയൊസ് 4: 7,8)

തന്റെ ആത്മീക പുത്രനായ തിമോഥെയോസിനു എഴുതുന്ന രണ്ടാമത്തെ ലേഖനം. പൗലോസ് എഴുതിയ അവസാനത്തെ കത്തായിരുന്നു ഇത്. ശിരച്ഛേദം ചെയ്യുവാൻ വിധിക്കപ്പെട്ട, മരണം മുഖാമുഖം കാണുന്നു എന്ന് മനസ്സിലാക്കിയ അപ്പോസ്തലൻ, തന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കി. എത്ര വലുതായിരുന്നു അദ്ദേഹം അനുഭവിച്ച സംതൃപ്തി. തടവറയിലെ ഇരുട്ടുമുറിയിൽ കഴിഞ്ഞിരുന്ന അദ്ദേഹം നിരാശനായിരുന്നില്ല. പ്രത്യുത, പ്രത്യാശയിൽ സമ്പന്നനായിരുന്നു. തന്റെ അകത്തെ മനുഷ്യൻ ബലവാനായിരുന്നു, ഹൃദയ ദൃഷ്ടികൾ പ്രകാശപൂരിതമായിരുന്നു, ദൃഢതയുള്ള വിശ്വാസത്തിന്റെ വാക്കുകൾ ആയിരുന്നു തന്നിൽ നിന്നും പുറപ്പെട്ടത്.

**എത്ര വലുതായിരുന്നു അദ്ദേഹം അനുഭവിച്ച സംതൃപ്തി. തടവറയിലെ ഇരുട്ടുമുറിയിൽ കഴിഞ്ഞിരുന്ന അദ്ദേഹം നിരാശനായിരുന്നില്ല... തന്റെ അകത്തെ മനുഷ്യൻ ബലവാനായിരുന്നു, ഹൃദയ ദൃഷ്ടികൾ പ്രകാശപൂരിതമായിരുന്നു**

പൗലോസിന് തന്റെ ജീവിതത്തിൽ മുറുകെ പിടിക്കുവാൻ അഥവാ കാത്തുസൂക്ഷിക്കുവാൻ ഉണ്ടായിരുന്ന അമൂല്യനിധി ക്രിസ്തുവിൽ ഉള്ള വിശ്വാസവും, ക്രിസ്തുവിനോടുള്ള വിശ്വസ്തതയും ഏകാഗ്രതയും ആയിരുന്നു. വിശ്വാസം അചഞ്ചലമായി സൂക്ഷിച്ച് അന്ത്യശ്വാസം വരെയും, താൻ ക്രിസ്തുവിനോട് വിശ്വസ്തനായിരുന്നു, ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വെച്ച് ക്രിസ്തുവുമായി കണ്ടുമുട്ടിയ പൗലോസ് ക്രിസ്തുവിൽ പുതുസൃഷ്ടിയായിത്തീർന്നു. പിന്നീടുള്ള തന്റെ ഓട്ടവും അധ്വാനവും എല്ലാം ജീവിതംകൊണ്ട് ക്രിസ്തുവിനെ ഉയർത്തുവാൻ വേണ്ടി മാത്രമായിരുന്നു. എവിടെയും ഏത് അവസ്ഥയിലും ഏത് സാഹചര്യത്തിലും അദ്ദേഹം സുവിശേഷത്തെ കുറിച്ച് ലജ്ജയില്ലാത്തവൻ ആയി ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിച്ചു. മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം താൻ തന്നെ കൊള്ളരുതാത്തവനായിത്തീരാതിരിക്കുവാൻ ജീവിതത്തിൽ വളരെ സൂക്ഷ്മത പാലിച്ചു (1 കൊരിന്ത്യർ 9: 27).

യുദ്ധക്കളത്തിൽ പൊരുതുന്ന ഒരു ധീരയോദ്ധാവിനെ പോലെയും വിരുതു പ്രാപിക്കുവാൻ ഓട്ടക്കളത്തിൽ ചിട്ടയോടെ ഓടുന്ന ഒരു ഓട്ടക്കാരനെ പോലെയും ആയിരുന്നു പൗലോസ് തന്റെ ജീവിതത്തെ കണ്ടത്. ക്രിസ്തീയജീവിതത്തിന്റെ പ്രത്യേകത എന്നത്, ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും കാത്തുസൂക്ഷിക്കുവാൻ വിശ്വാസത്തിന്റെ നല്ലപോർ പൊരുതി, ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ, ലാക്കിലേക്ക് ഓടിയെത്തുന്ന വിജയകരമായ ഒരു ജീവിതം ആണ്. വിജയത്തിനായി പോരാടുന്ന യുദ്ധക്കളത്തിലെ ഒരു ധീര പോരാളി എന്നപോലെയാണ് നാം ഇന്ന്. ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നിന്നും നിർമ്മലതയിൽ നിന്നും നമ്മുടെ ഹൃദയത്തെ വ്യതിചലിപ്പിക്കുവാൻ നമുക്കെതിരെ പട നയിക്കുന്ന തന്ത്രശാലിയായ പിശാചിനോട് എതിർത്തു നിൽക്കേണ്ടത് തികച്ചും അനിവാര്യമാണ്. നമ്മുടെ ശരീരത്തിലെ പാപപ്രകൃതിയെ പിശാച് നമുക്കെതിരെ ആയുധമാക്കും എന്നതുകൊണ്ടാണ്, 'ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുന്നു' എന്ന് പൗലോസ് പറഞ്ഞത്. പാപപ്രകൃതിയിൽ നിന്നും ഉളവാകുന്ന ദുർമോഹങ്ങളെ ഉണർത്തി, ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയുടെ ആകെത്തുകയായ ലോകസ്നേഹത്തിലേക്ക് ആകർഷിക്കുകയാണ് പിശാച് ചെയ്യുന്നത്. അതിനുള്ള വിവിധ തന്ത്രങ്ങൾ പിശാച് മെനയുകയും കെണികൾ ഒരുക്കുകയും ചെയ്യുന്നു. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ ദൈവത്തിന്റെ സർവ്വായുധങ്ങൾ ധരിക്കേണ്ടത് അത്യാവശ്യമാണ്. എഫെസ്യർ 6: 10 മുതൽ 18 വരെ വാക്യങ്ങളിൽ പൗലോസ് അപ്പോസ്തലൻ ഈ വിഷയത്തിൽ നമ്മെ പ്രബോധിപ്പിക്കുന്നത് ശ്രദ്ധിക്കുക. തന്റെ സ്വന്ത ജീവിതത്തിൽ അത് അങ്ങനെ തന്നെ പാലിക്കുകയും 'നല്ലപോർ പൊരുതി വിശ്വാസം കാത്തു' സൂക്ഷിക്കുകയും ചെയ്തു. വളരെ അനുകരണീയമായ ഒരു മാതൃകയാണ് അദ്ദേഹം നമുക്ക് കാണിച്ചു തന്നിരിക്കുന്നത്.

**എന്നാൽ അതരുത്, ഭയപ്പെടരുത്, മറിച്ച് ദൈവത്തിന്റെ സർവായുധവർഗ്ഗം ധരിക്കുന്നതിൽ മാത്രമാണ് നാം ശ്രദ്ധിക്കേണ്ടത്. സർവ്വായുധ വർഗ്ഗം ധരിച്ച് അത് ഉപയോഗിക്കുമ്പോൾ പിശാചിന്റെ ഏത് തന്ത്രവും നിഷ്ഫലമായി തീരും.**

പോരാട്ടം എന്ന് കേൾക്കുമ്പോൾ ഭയപ്പെടുന്നവരാണ് ഇന്ന് പലരും. എന്നാൽ അരുത്, ഭയപ്പെടരുത്, മറിച്ച് ദൈവത്തിന്റെ സർവായുധവർഗ്ഗം ധരിക്കുന്നതിൽ മാത്രമാണ് നാം ശ്രദ്ധിക്കേണ്ടത്. സർവ്വായുധ വർഗ്ഗം ധരിച്ച് അത് ഉപയോഗിക്കുമ്പോൾ പിശാചിന്റെ ഏത് തന്ത്രവും നിഷ്ഫലമായി തീരും. 'പിശാചിനോട് എതിർത്തു നിൽക്കുന്നവരെ വിട്ട് അവൻ ഓടിപ്പോകും' എന്നാണ് വചനം നമുക്ക് നൽകുന്ന ഉറപ്പ്. അതാണ് വാസ്തവം! 'പാമ്പിനെയും തേളിനെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം നൽകിയിരിക്കുന്നു' എന്ന കർത്താവിന്റെ വചനം യാഥാർത്ഥ്യം ആകുന്നത് നാം തിരിച്ചറിയും.

വിരുത് ലക്ഷ്യമാക്കി ഓട്ടക്കളത്തിൽ ഓടുന്ന ഒരു കായികതാരത്തെ മനസ്സിൽ കാണുക. അതുപോലെതന്നെയാണ് നമ്മുടെ ക്രിസ്തീയജീവിതവും. വേഗത്തിൽ ഓടുവാനുള്ള പരിശീലനത്തിൽ തന്റെ ശരീരത്തിന് മെയ്വഴക്കം ഉണ്ടാക്കിയെടുക്കുക എന്നതാണ് കായികതാരങ്ങൾ ചെയ്യുന്നത്. ഇതുതന്നെയാണ് നാമും ചെയ്യേ

ണ്ടത്. പൗലോസ് അങ്ങനെ ചെയ്തിരുന്നു എന്ന് 'ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമപ്പെടുത്തുന്നു' എന്ന് പറയുന്നതിൽ അർത്ഥമാക്കുന്നു. കർശനമായ അച്ചടക്ക പരിശീലനം കൂടാതെ ക്രിസ്തീയ ജീവിതം വിജയമാക്കുവാൻ ആർക്കും കഴിയില്ല. ഇവിടെ നമ്മുടെ പരിശീലകൻ പരിശുദ്ധാത്മാവാണ്. 'ഞാൻ പിതാവിനോട് ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും' എന്ന മഹത്തായ വാഗ്ദാനം യേശുകർത്താവ് നമുക്ക് നൽകിയിരിക്കുന്നു. ഈ കാര്യസ്ഥൻ സകല സത്യത്തിലും നമ്മെ വഴി നടത്തി പരിശീലിപ്പിക്കും. ഇവിടെ ദൈവേഷ്ടം ചെയ്യുന്നതിന് പാപപ്രകൃതിയുടെ മേൽ ജയം പ്രാപിച്ച് നമ്മുടെ ശരീരത്തെ വിധേയപ്പെടുത്തേണ്ടതുണ്ട്. 'എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനും അല്ല ദൈവരാജ്യത്തിൽ കടക്കുന്നത്' എന്ന് കർത്താവ് വ്യക്തമാക്കിയിട്ടുണ്ടല്ലോ (മത്തായി 7: 21). ഇത് മാറ്റമില്ലാത്ത വ്യവസ്ഥയാണ്. ലക്ഷ്യസ്ഥാനത്ത് ഓടിയെത്തി വിജയകിരീടം പ്രാപിക്കണമെങ്കിൽ ദൈവേഷ്ടം ആകുന്ന ട്രാക്കിലൂടെ അന്ത്യം വരെയും ഓടണം!

'ഓട്ടം തികച്ചു' എന്ന് പൗലോസ് സധൈര്യം പറഞ്ഞു. എത്ര വലിയ പ്രാഗത്ഭ്യം! ഇതു തന്നെയാണ് നമ്മുടെയും ലാക്കും ജീവിതവിജയവും. ഇതുകൂടാതെ ഇന്നു നാം പറയുന്ന വിജയകഥകൾക്ക് യാതൊരു അർത്ഥവുമില്ല. 'നല്ലപോർ പൊരുത്, ഓട്ടം തികച്ച്, വിശ്വാസം കാത്ത്', ജയാളികളായി യേശുവിന്റെ സന്നിധി അണയുവാൻ കഴിഞ്ഞാൽ ജീവിതം അർത്ഥമുള്ളതായി, അല്ലായെങ്കിൽ എല്ലാം വ്യർത്ഥം.

എത്രയോ കഷ്ടങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്താണ് അപ്പോസ്തലൻ തന്റെ ഓട്ടം തികച്ചത്. 'ഞാൻ ഏറ്റവും അധികം അധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു, പലപ്പോഴും പ്രാണ ഭയത്തിലായി, യഹൂദരാൽ ഒന്നു കുറയെ 40 അടി അഞ്ചുവട്ടം കൊണ്ടു, മൂന്നുവട്ടം കോലിനാൽ അടികൊണ്ടു, ഒരിക്കൽ കല്ലേറു കൊണ്ടു, മൂന്നുവട്ടം കപ്പൽ ഛേദത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു' എന്നിങ്ങനെ നീണ്ടുപോകുന്നു ലിസ്റ്റ് (2കൊരിന്ത്യർ 11: 23 - 28). ക്രിസ്തീയജീവിതത്തിനും ശുശ്രൂഷ തികയ്ക്കുന്നതിനും അദ്ദേഹം കൊടുത്ത വിലയുടെ നീണ്ട

**... ചിന്തിച്ചു നോക്കുമോ? എന്തുകൊണ്ടായിരിക്കും ഇത്രയും വലിയ വില കൊടുക്കുവാൻ അദ്ദേഹം തയ്യാറായത്? നിത്യത എന്ന യാഥാർത്ഥ്യത്തിന്റെ പൂർണ്ണ ബോധ്യം തന്നിൽ ഉണ്ടായിരുന്നത് കൊണ്ടാണ് അനേക കഷ്ടങ്ങളിലൂടെ ദൈവ രാജ്യത്തിൽ കടക്കുവാൻ താൻ തന്നെത്തന്നെ തയ്യാറാക്കിയത്.**

പട്ടികയാണ് നാം ഇവിടെ കാണുന്നത്. നാം ഇതിൽ എത്രത്തോളം പങ്കാളികളായി എന്ന് ചിന്തിച്ചു നോക്കുമോ? എന്തുകൊണ്ടായിരിക്കും ഇത്രയും വലിയ വില കൊടുക്കുവാൻ അദ്ദേഹം തയ്യാറായത്? നിത്യത എന്ന യാഥാർത്ഥ്യത്തിന്റെ പൂർണ്ണബോധ്യം തന്നിൽ ഉണ്ടായിരുന്നതുകൊണ്ടാണ് അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കുവാൻ താൻ തന്നെത്തന്നെ തയ്യാറാക്കിയത്.

ജീവാവസാനത്തിങ്കൽ പൗലോസ് തിരിഞ്ഞു നോക്കുമ്പോൾ അദ്ദേഹത്തിന് വലിയ സംതൃപ്തി തോന്നി. 'നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു', ആകയാൽ ജീവിതം അർത്ഥപൂർണ്ണമായി തീർന്നിരിക്കുന്നു. വിശ്വാസക്കണ്ണുകളാൽ മുമ്പോട്ടു നോക്കിയപ്പോൾ മരണത്തിനപ്പുറത്തുള്ള ജീവിതത്തിന്റെ ശ്രേഷ്ഠത അദ്ദേഹം കണ്ടു. ക്രിസ്തുവിനു വേണ്ടി, തന്നെ മുഴുവനായി സമർപ്പിച്ചത് വൃഥാവായില്ല. അതാ... നീതിയുടെ കിരീടം തനിക്കായി ഒരുക്കി വെച്ചിരിക്കുന്നു. നീതിയുള്ള ന്യായാധിപതിയായ തന്റെ പ്രാണനാഥൻ ആ ദിവസത്തിൽ തനിക്ക് അത് സമ്മാനിക്കും. എത്ര സുനിശ്ചിതമായ വാക്കുകൾ! നമ്മെ നോക്കി പൗലോസ് ഒരു വാചകം കൂടി കൂട്ടിച്ചേർത്തു, 'ഇത്, എനിക്കു മാത്രമല്ല യേശുവിന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും' ലഭ്യമാകുവാനുള്ളതാണ്. കർത്താവിന്റെ വരവിനെ സ്നേഹിച്ച് ഒരുങ്ങി ജീവിക്കുന്ന ഏവർക്കും നീതിയുടെ കിരീടം ഒരുക്കിയിട്ടുണ്ട്. ഇത് കണ്ടുകൊണ്ടു വേണം പ്രത്യാശയോടെ നാം കണ്ണടയ്ക്കുവാൻ!



സാജു മാത്യു

# ന്യായവിധിക്കു മുമ്പ് കരുണ

*അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ടു ലേവിപുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും; അങ്ങനെ അവൻ നീതിയാൽ യഹോവയ്ക്കു വഴിപാട് അർപ്പിക്കും (മലാഖി 3:3).*

ഒ. എം. ഡ്യൂലോസ് കപ്പലിൽ ഞാൻ ഹ്രസ്വകാലം പ്രവർത്തിച്ചിരുന്നു. വലിയൊരു പുസ്തകശാല ഡ്യൂലോസിലുണ്ട്. ഓരോ രാജ്യത്ത് എത്തുമ്പോഴും പുസ്തകങ്ങൾ വാങ്ങുവാൻ വിവിധ ജാതിമതസ്ഥരായവർ കപ്പലിൽ എത്താറുണ്ട്. ഡ്യൂലോസിനുള്ളിൽ തന്നെ യുവാക്കൾക്കും കുഞ്ഞുങ്ങൾക്കും വനിതകൾക്കുമൊക്കെ വേണ്ടി നടത്തുന്ന വ്യത്യസ്ത സെമിനാറുകളിൽ പങ്കെടുക്കുവാൻ അതാതു സ്ഥലങ്ങളിലെ ജനങ്ങൾ നേരത്തെ ബുക്കു ചെയ്തിരിക്കും. അതുകൂടാതെ കപ്പലിനുള്ളിലെ വിവിധ രാജ്യക്കാരായ പ്രവർത്തകർ ഓരോ രാജ്യത്തു ചെല്ലുമ്പോഴും അവിടെയുള്ള സഭകളുമായി സഹകരിച്ച് മീറ്റിങ്ങുകളും സുവിശേഷപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഡ്യൂലോസിന്റെ ഓരോ സന്ദർശനങ്ങളും അതാതു രാജ്യത്തെ സുവിഷേശീകരണത്തെ ബൃഹത്തായ നിലയിൽതന്നെ സ്വാധീനിക്കുന്നുണ്ട്.

എന്നാൽ, ഡ്യൂലോസ് വിവിധ രാജ്യങ്ങളിലേക്കു പോകാനൊരുങ്ങിയാൽ പോർട്ട് അധികാരികളെ അറിയിച്ച് വെറുതെയങ്ങു കയറിച്ചെല്ലുകയാണെന്നു ചിന്തിക്കരുത്. അങ്ങനെ ചെയ്താൽ ആരാണു കപ്പൽ കാണാനെത്തുക? കപ്പലിനുള്ളിൽ സെമിനാറുകൾ നടത്തുന്നത് ആ സ്ഥലത്തെ സഭാജനങ്ങൾ അറിഞ്ഞില്ലെങ്കിൽ ആരാണു മീറ്റിങ്ങുകൾക്കെത്തുക? വെറുതെ ഒരു രാജ്യത്തേക്ക് - ഒരു തുറമുഖത്തേക്ക് - ഡ്യൂലോസ് എത്തിയാൽ എന്തു ശുശ്രൂഷയ്ക്കായി അവിടെയെത്തിയോ, അതൊന്നും നിർവഹിക്കാനാവാതെ മടങ്ങിപ്പോരേണ്ടിവരും. അതിനാൽ കപ്പലിന്റെ സന്ദർശനവിവരം രാജ്യത്തെ ജനങ്ങളെ നേരത്തെതന്നെ അറിയിക്കാനും വിവിധ സഭകൾ സന്ദർശിച്ച് ജനങ്ങളെ അതിനായി ഒരുക്കാനും ഒരു ടീമിനെ നേരത്തെതന്നെ ആ രാജ്യത്തേക്കു അയച്ചിരുന്നു. ഡ്യൂലോസിനു മുന്നോടിയായി ഒരു രാജ്യത്തേക്കു പോകുന്ന ആ ടീമിനെ “ലൈൻ അപ് ടീം” എന്നു വിളിച്ചിരുന്നു. സുവിശേഷീകരണവും ശിഷ്യത്വപരിശീലനവും ലക്ഷ്യമാക്കിയെത്തുന്ന ഡ്യൂലോസിന്റെ വരവ് പ്രഘോഷിക്കുന്നതിനും, അതിന്റെ സന്ദർശനത്തെയും ലക്ഷ്യത്തെയും പറ്റി രാജ്യത്തെ സഭകൾക്കും ജനങ്ങൾക്കും ശരിയായ ഒരു അവബോധം ഉണ്ടാക്കിയെടുക്കുന്നതിനുമാണു അവരെ അയയ്ക്കുന്നത്.

മശിഹായുടെ വരവിനു മുന്നോടിയായി ദൈവം ഇതുപോലെ ഒരു “ലൈൻ അപ് ടീ”മിനെ അയച്ചിരുന്നു- അവരായിരുന്നു പഴയനിയമത്തിലെ പ്രവാചകന്മാർ. എന്നാൽ, മശിഹയുടെ വരവ് ആസന്നമായപ്പോൾ ദൈവം ഒരു പ്രത്യേക ദൂതനെ അവനു മുന്നോടിയായി അയച്ചു; അവനാണു യോഹന്നാൻ സ്നാപകൻ! (മലാഖി 3:1; മത്തായി11: 10,11 ഇവ ചേർത്തു വായിക്കുക).

‘മശിഹ’യുടെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ ബാബിലോണിലെ പ്രവാസകാലം മുതൽ യെഹൂദരിൽ രൂഢമൂലമായിരുന്നു. പ്രവാസത്തിൽനിന്നു മടങ്ങിയെത്തിയ ജനങ്ങളും ആ പ്രതീക്ഷ കൈവിട്ടില്ല; കാരണം, അവരുടെ മടങ്ങി

വരവ് പ്രതീക്ഷിച്ചതുപോലെ മഹത്വപപൂർണ്ണമൊന്നുമല്ലായിരുന്നു. ബാബിലോണിനെയും, യിസ്രായേലിനെ പീഡിപ്പിച്ച സകല ദുഷ്ടന്മാരെയും തകർത്തു യെരൂശലേമിൽ മഹത്വപൂർണ്ണമായ ഒരു രാജ്യം സ്ഥാപിക്കുന്ന മശിഹയെ ആണ് അവർ കാത്തിരുന്നത്. എന്നാൽ "യഹോവയെ സേവിക്കുന്നവർക്കു ഈ പറയുന്ന സമൃദ്ധിയൊന്നും ലഭിക്കുന്നില്ലെന്നും"(മലാഖി 3:14) ദുഷ്പ്രവൃത്തിക്കാരാണു അഭ്യുദയം പ്രാപിക്കുന്നതെന്നും (മലാഖി 3:15) അവർക്കു തോന്നി തുടങ്ങി. ആലയത്തിൽ ആരാധിക്കുന്ന യെഹൂദനു സമൃദ്ധിയും പുറത്തുള്ള ജാതികൾക്കു ശിക്ഷയും നല്കുന്ന "ന്യായവിധിയുടെ ദൈവം എവിടെ?" (മലാഖി 2:17) എന്നു അവർ ചോദിക്കാൻ തുടങ്ങിയപ്പോൾ മലാഖി പറഞ്ഞു: അവൻ വരുന്നു; എന്നാൽ, അവൻ വരുന്നതു ജാതികളെ മാത്രം ന്യായം വിധിക്കാനല്ല; അവൻ ന്യായവിധിക്കായി 'നിങ്ങളോട്' അടുത്തുവരും (മലാഖി 3:5).

അതു യെഹൂദൻ പ്രതീക്ഷിച്ചില്ല. "ന്യായവിധിയുടെ ദൈവം എന്തുകൊണ്ട് ഇറങ്ങിവരുന്നില്ല?" എന്നു ചോദിക്കുന്നവരോടു മലാഖി ചോദിക്കുന്നു:"അവൻ വരുന്ന ദിവസം നിങ്ങൾക്കു സഹിക്കാൻ കഴിയുമോ? (മലാഖി 3:2).

തീർച്ചയായും ഒരു ന്യായവിധിക്കായി ജനം ഒരുങ്ങിയിട്ടില്ല. അതുകൊണ്ടാണു ഒരു മുന്നോടി ആവശ്യമായിരിക്കുന്നത്. യോഹന്നാൻ വന്നിട്ടു പറഞ്ഞു: "ഇതാ മശിഹ വരുന്നു; അവന്റെ രാജ്യം സമാഗതമായിരിക്കുന്നു. അതിനാൽ ഒരുങ്ങിയിരിക്കുവിൻ.." എന്നാൽ, "ഒരുങ്ങിയിരിക്കുവിൻ"എന്നതിനു യോഹന്നാൻ ഉപയോഗിച്ച വാക്കു വേറൊന്നാണ്– "മാനസാന്തരപ്പെടുവിൻ"(മത്തായി 3:1). എന്താണതിനർഥം? വരുവാനുള്ള ന്യായവിധിയിൽനിന്നു ഒഴിയാനുള്ള ഒരേയൊരു മാർഗം"മാനസാന്തര"മാണ് (മത്തായി 3:7).

ഇതുതന്നെയാണ് മലാഖിയും പറയുന്നത്: "എന്റെ അടുക്കലേക്കു മടങ്ങിവരുവിൻ, ഞാൻ നിങ്ങളുടെ അടുക്കലേക്കും മടങ്ങിവരും" എന്നാണു പ്രവാചകം (മലാഖി 3:7). മാനസാന്തരമാണ് എല്ലാ കാലത്തിലെയും ദൈവിക സന്ദേശം! ന്യായവിധിക്കായി ഇറങ്ങിവരുന്ന മശിഹയെയാണു യോഹന്നാൻ ജനങ്ങൾക്കു പരിചയപ്പെടുത്തിയത്: "ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു" (മത്തായി 3:10). എന്നാൽ, യോഹന്നാനും മലാഖിക്കും പഴയനിയമ പ്രവാചകന്മാർക്കുമൊക്കെ വ്യക്തത ലഭിക്കാതെപോയ ഒരു അത്ഭുതയാഥാർഥ്യം മശിഹയുടെ വരവിന്റെ "ദ്വിമുഖത"യാണ്. തീർച്ചയായും ന്യായംവിധിക്കാൻ തന്നെയാണ് മശിഹ വരുന്നത്. എന്നാൽ, ന്യായംവിധിക്കാൻ വരുന്ന മശിഹയുടെ നേരെനിൽക്കാൻ ജാതികൾക്കെന്നല്ല, ആർക്കുംതന്നെ കഴിയുന്നില്ല എന്നതിനാൽ മശിഹ ന്യായവിധിയുമായി വരുന്നതിനു മുമ്പ് കരുണയുമായി ഒരു സന്ദർശനത്തിനൊരുങ്ങി. അതാണു മശിഹയുടെ (യേശുവിന്റെ) സന്ദർശനത്തിന്റെ ആദ്യമുഖം.

"ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടേണ്ടതിനത്രേ!" (യോഹന്നാൻ 3:12). അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്!"(യോഹന്നാൻ 3:15)."അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല. വിശ്വസിക്കാത്തവൻ– ആശ്രയിക്കാത്തവൻ– ന്യായവിധിയുടെ കൈകളിലേക്കു എറിയപ്പെട്ടുകഴിഞ്ഞു"(യോഹന്നാൻ 3:18). അവരെ ന്യായം വിധിക്കാൻ പിതാവ് ന്യായവിധി പുത്രനെ ഏല്പ്പിച്ചിരിക്കുന്നു (യോഹന്നാൻ 5:22). മശിഹയുടെ ആദ്യത്തെ വരവ് നിത്യജീവനും കൊണ്ടായിരുന്നു. തന്നിൽ ആശ്രയിച്ചവർക്കെല്ലാം അവൻ അതു സൗജന്യമായി നല്കി. ഇനി അവൻ വരുന്നതു ന്യായവിധിയുമായാണ്. അതാകും മശിഹയുടെ വരവിന്റെ രണ്ടാം മുഖം!

ഈ രണ്ടു വരവുകളിലും സംഭവിക്കുന്ന കാര്യങ്ങൾ പ്രവാചകർ മുൻകൂട്ടി പറഞ്ഞുവെങ്കിലും അതു രണ്ടു വരവുകളിലായിരിക്കുമെന്നറിയാൻ പലപ്പോഴും അവർക്കു കഴിഞ്ഞില്ല. വരാനിരിക്കുന്ന കാര്യങ്ങളെ വിദൂരത്തിരുന്നു കണ്ടുകൊണ്ടു വിവരിക്കുകയാണല്ലോ പ്രവാചകർ ചെയ്തത്. മലനിരകളുടെ ഒരു ചക്രവാളത്തിലേക്കു (horizon) നാം കണ്ണു പായിക്കുമ്പോൾ രണ്ടു പർവതങ്ങളുടെ അഗ്രങ്ങൾ മുട്ടിനിൽക്കുന്നതു പോലെയല്ലേ തോന്നൂ? എന്നാൽ, ആ രണ്ടു പർവതങ്ങൾക്കിടയിൽ ഒരുപക്ഷേ, കിലോമീറ്ററുകൾ നീണ്ടുകിടക്കുന്ന ഒരു താഴ്വരയുണ്ടാകും. അവിടെ ജീവിതവും മനുഷ്യരും വീടുകളും മൃഗങ്ങളും വൃക്ഷങ്ങളും നദിയും ഒക്കെയുണ്ട്. ഇങ്ങു ദൂരെ നിന്നു നോക്കുമ്പോൾ നാം അതൊന്നും കണ്ടില്ലെന്നിരിക്കും.

ന്യായവിധിയുടെ തീയിലിടുവാൻ വരുന്ന മശിഹ, ശതാധിപന്റെ ദാസനെ സൗഖ്യമാ

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# പരിജ്ഞാനപാതയിൽ നിന്ന് പിന്തിരിഞ്ഞാൽ...

*എബ്രായർ 6:16 തുടരുന്നു*

*(കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചു തുടങ്ങിയ, പരിജ്ഞാനത്തിലേക്കുള്ള യാത്ര ഒഴിവാകുമ്പോൾ ഒരു വിശ്വാസിക്ക് എന്ത് സംഭവിക്കുന്നു എന്നതിന്റെ തുടർചിന്തനമാണിത്.)*

**ക്രി**സ്തുവിന്റെ പരിജ്ഞാനം വിലയേറിയതാണ് എന്ന് മനസ്സിലാക്കുമ്പോൾ, നമുക്ക് നല്ലത് എന്ന് ജഡത്തിൽ തോന്നുന്നതും, ഒരു കാലത്തു പുകഴ്ചയ്ക്കു കാരണമായിരുന്നതുമായ കാര്യങ്ങൾ എല്ലാം ചവറെന്ന് ബോധ്യമാകും. പൗലോസ് ഈ പരിജ്ഞാനത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് വളരെ വ്യക്തമായി പല സ്ഥലത്തും പ്രതിപാദിച്ചിട്ടുണ്ട്. നിങ്ങൾ ഇപ്പോൾ അഭിമുഖീകരിക്കുന്ന ഈ സാഹചര്യം ക്രിസ്തു ആണ് നേരിടുന്നതെങ്കിൽ അത് എങ്ങനെ ആവുമായിരുന്നു എന്ന് ചിന്തിക്കുക. ഈ ലോകത്തിലേക്കു നോക്കുമ്പോൾ നാം കാണുന്ന കാഴ്ചകളെ കർത്താവു എങ്ങനെ കാണുമായിരുന്നു? ഈ വെളിപ്പാട് ആണ് പരിജ്ഞാനം. എല്ലാവർക്കും ഈ പരിജ്ഞാനം ഇഷ്ടമല്ല. ഈ ഇടുക്കു വാതിൽ അന്വേഷിക്കുന്നവർ വളരെ കുറവാണ്. കണ്ടെത്തുന്നവർ പിന്നെയും കുറയും. എന്നാൽ ഈ വാതിലിലൂടെ പ്രവേശിച്ച ഒരാൾ കുറെ കഴിയുമ്പോൾ ഉപജീവന ചിന്തകളിൽ കുരുങ്ങി പരിജ്ഞാനത്തിന്റെ വഴി ഉപേക്ഷിച്ചാൽ അത് ദൈവം നമുക്ക് ഒരുക്കിവച്ച വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും വഴിയെ അവഗണിക്കുന്നതിനു തുല്യമാണല്ലോ? അപ്പോൾ ക്രിസ്തീയ മാർഗ്ഗം തന്നെ ആണ് അവഹേളിക്കപ്പെടുന്നത്.

അങ്ങനെ ഈ ഇടുക്കു വഴിയിലൂടെ ഉള്ള യാത്ര അവസാനിപ്പിച്ച് വിശാലമായ വഴികൾ കണ്ടെത്തിയാൽ അവർക്കു പിന്നീട് അതേ ഇടുക്കു വഴിയിലേക്ക് മടങ്ങി വരാൻ കഴിയുകയില്ല. കേരളത്തിലെ ഇന്നത്തെ ക്രിസ്തീയ ആത്മീക സാഹചര്യം ഒന്ന് പരിഗണിച്ചു നോക്കുക. അനേകം ആളുകൾ കർത്താവിന്റെ വിളിയെ അനുഗമിച്ചു ചെറുപ്പകാലത്തു തന്നെ കർത്താവിന്റെ വേലയ്ക്കായി ഇറങ്ങുന്നു. ഇറങ്ങുന്ന കാലഘട്ടത്തിൽ അവർ വളരെയധികം ത്യാഗം സഹിച്ചു, പട്ടിണി കിടന്നു ദൈവവേല ചെയ്യുന്നു. അപ്പോൾ അവരുടെ ഉള്ളിൽ ദൈവവേല മാത്രമേ ഉള്ളു, പണം സമ്പാദിക്കണം എന്നൊന്നുമില്ല എന്ന് വിചാരിക്കുക. അദ്ദേഹം എല്ലാവരെയും സ്നേഹിച്ചും സഹായിച്ചും വലിയ ഒരു സാക്ഷ്യം ആണ് സമൂഹത്തിൽ ഉയർത്തുന്നത്. ക്രിസ്തുവിന്റ പരിജ്ഞാനം അത്രയും ശ്രേഷ്ഠമായ ഒരു കാര്യമാണ്. എന്നാൽ കുറെ കഴിയുമ്പോൾ, ഏതാണ്ട് മധ്യവയസ്സ് ആവുമ്പോൾ ജീവിത പ്രാരാബ്ധങ്ങളും ഉപജീവന ചിന്തകളും, മക്കളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകളും ഉള്ളിൽ വർദ്ധിക്കുമ്പോൾ പലരും പരിജ്ഞാനത്തിന്റെ, ഉന്നതമായ ഓട്ടം ഒഴിവാക്കി ഉപജീവനം ശ്രദ്ധിക്കാൻ തുടങ്ങുന്നു, സാമ്പത്തീക ശക്തിയുള്ള സഭകൾ അന്വേഷിച്ചു പോകുന്നു, ആദ്യ ഓട്ടം അവസാനിപ്പിക്കുന്നു.

ഇതുകണ്ടു നിൽക്കുന്ന ഒരാൾക്ക് എന്താണ് മനസ്സിലാവുന്നത്? ക്രിസ്തുവിന്റെ മാർഗ്ഗം പ്രായോഗികമല്ല, ജീവിതം മുന്നോട്ടു പോകാൻ ഏറ്റവും അത്യാവശ്യം പണം ആണ്. ക്രിസ്തുവിന്റെ മാർഗ്ഗം പറഞ്ഞിറങ്ങുന്നവരും അവസാനം ചെന്ന്

എത്തുന്നത് മാമോന്റെ മടിയിലേക്കാണ്, എന്നൊക്കെയല്ലേ?

***ഇങ്ങനെ പരിജ്ഞാനത്തിന്റെ ഓട്ടത്തിൽ നിന്ന് പിന്മാറിയവരോ, ഒരിക്കലും ആ ഓട്ടം തുടങ്ങാൻ വേണ്ട വളർച്ച പ്രാപിക്കാത്തവരോ ആണ്, ദൈവം എനിക്ക് സമ്പത്തു തന്നു, നിങ്ങളുടെ വിഷയങ്ങളുടെ മേൽ ഇറങ്ങി വരുന്ന ദൈവം, എന്നിങ്ങനെ പ്രസംഗിച്ചു കൊണ്ട് നടക്കുന്നത്. ഈ പരിജ്ഞാനത്തിന്റെ ഓട്ടം ഒരിക്കൽ ഒഴിവാക്കിയാൽ പിന്നെ മടങ്ങി വരാൻ കഴിയില്ല.*** അവർ എന്നും കട്ടിയാഹാരം കഴിക്കാൻ പറ്റാത്തവരും, അടിസ്ഥാന ബാലപാഠങ്ങളെ സംബന്ധിക്കുന്ന വിവേകം പോലും ഇല്ലാത്തവരുമായി കാലം കഴിക്കുന്നു.

എബ്രായർ 5 ലും 1 കൊരിന്ത്യ ർ 3 ലും ഇങ്ങനെ പാലുകുടിച്ചു ജീവിക്കുന്നവരെക്കുറിച്ച് പറയുന്നുണ്ട്. അവർ പരിജ്ഞാനം എന്ന കട്ടിയാഹാരം കഴിക്കാൻ കഴിയാത്തവരാണ്. 'ഇടുക്കുവഴി' ഭയപ്പെടുന്നവരും, ദൈവം അവർക്കു ഈ ലോകത്തിൽ 'വിശാലമായ ജീവിതവഴി' ഒരുക്കാൻ കാത്തിരിക്കുന്നവരും ആണ്. കർത്താവിനു വേണ്ടി ജീവിതം സമർപ്പിക്കുക എന്നൊക്കെ പറഞ്ഞാൽ അവർക്കു ഭയമാണ്. പുതിയ നിയമത്തിന്റെ അനുഗ്രഹങ്ങളിലേക്ക് നോക്കിയാൽ 'സുഖജീവിതം നഷ്ടപ്പെടുമോ' എന്ന ചിന്തയാൽ ജീവിക്കുന്നവരുമാണ്.

കൊരിന്ത്യലേഖനത്തിൽ ഈ പാല് കുടിച്ചു ജീവിക്കുന്ന ശിശുക്കളെ 'ജഡീകന്മാർ' എന്നാണ് വിളിച്ചിരിക്കുന്നത്. കട്ടിയായ കാര്യങ്ങൾ അവരോടു പറയാൻ കഴിയാതെ പൗലോസ് വിഷമിക്കുന്നത് അവിടെ കാണാം. എന്നാൽ ഒരു കാര്യം പൗലോസ് സന്തോഷത്തോടെ ചിന്തിക്കുന്നു. ആ സഭയിൽ പൗലോസ് ശുശ്രൂഷിക്കുകയും, യേശുക്രിസ്തു എന്ന അടിസ്ഥാനം ഇടുകയും ചെയ്തിട്ടുണ്ട്. അതിലൂടെ പൗലോസിന് ലഭിക്കുന്ന ആശ്വാസം വലുതാണ്. കാരണം ഇനി അതിന്മേൽ വേറെ ഒരു അടിസ്ഥാനം ഇടാൻ കഴിയുകയില്ല എന്ന് മാത്രമല്ല, അതിനു മുകളിൽ പണിയുന്നതിന്റെ ഉത്തരവാദിത്വം അത് പണിയുന്നവർക്കാണ്.

അതുപോലെ എബ്രായലേഖനത്തിലും പാൽ അല്ലാതെ മറ്റൊന്നും കഴിക്കാൻപറ്റാത്തവരെ പോലെ, അടിസ്ഥാനോപദേശങ്ങളല്ലാതെ മറ്റൊന്നും ദഹിക്കാത്തവരെക്കുറിച്ച് പരാമർശിക്കുന്നു. കൊരിന്ത്യരെപ്പോലെ ഇവിടെയും അടിസ്ഥാനം കൃത്യമാണ്. അതിനു മുകളിൽ പണിയുന്നില്ല എന്നതാണ് പ്രശ്നം. അതുകൊണ്ട് എബ്രായലേഖനം ആറാം അധ്യായത്തിൽ പറയുന്നു: ദൈവീക പരിജ്ഞാനം ഉള്ളവരായി ജീവിക്കുവാൻ നമ്മെ വിളിച്ചിരിക്കുന്നതുകൊണ്ട് അടിസ്ഥാനങ്ങൾ പിന്നെയും പിന്നെയും ഇട്ടു കാലം പോക്കുന്നത് നല്ലതല്ല.

ഇന്ന് നമ്മുടെ ഇടയിൽ പാല് കുടിക്കുന്ന, അതുമാത്രം കുടിക്കാൻ സാധിക്കുന്ന വിശ്വാസികൾ ഉണ്ട്. പക്ഷെ ഇന്ന് അപ്പോസ്തലിക കാലഘട്ടം പോലെ അല്ല. അന്ന് തിരുത്തുവാനും, കുടിക്കുന്നത് പാല് എങ്കിലും ആണെന്ന് ഉറപ്പു വരുത്തുവാനും അപ്പോസ്തലന്മാർ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് പാൽ പോലെ ഇരിക്കുന്ന മായാമരുന്നുകൾ കലക്കിയ പാനീയം കുടിച്ചു മനുഷ്യൻ തളർന്നു കൊണ്ടിരിക്കുന്നു. അടിസ്ഥാന വിഷയങ്ങളായി എബ്രായ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ തന്നെ നമുക്ക് ഇന്നും പിടി കിട്ടാത്ത വിഷയങ്ങൾ ആണ്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ നാമത്തെ ഉയർത്താത്ത, ദൈവത്തിനു മഹത്വം കൊടുക്കാത്ത, ഭൂമിയിലെ സമൃദ്ധിക്ക് വേണ്ടി കാത്തിരിക്കുന്ന, മാമോനെ അന്വേഷിക്കുന്ന ഒരു കൂട്ടം നമ്മുടെ ഇടയിൽ പെരുകിയിരിക്കുന്നത്. അവർ ഈ പരിജ്ഞാനം ഇഷ്ടപ്പെടുന്നില്ല എന്ന് മാത്രമല്ല, അവരുടെ പ്രിയപ്പെട്ടവർ ആരും അങ്ങോട്ട് പോകാതിരിക്കാൻ അവർ അങ്ങേ അറ്റം വരെയും യുദ്ധം ചെയ്യുന്നു. ഇന്ന് പുൽപിറ്റുകളിൽ നിന്നും ഒഴുകുന്ന മരണകരമായ വിഷപ്പാൽ അനേകരെ അന്ധരും ദൈവത്തെ തിരിച്ചറിയാത്തവരും ആക്കിയിരിക്കുന്നു.

എബ്രായ ലേഖനം ഈ അധ്യായം സംസാരിക്കുന്നത് അടിസ്ഥാനങ്ങൾ ശരിയായി മനസ്സിലാക്കിയ ശേഷം പരിജ്ഞാനത്തിന്റെ ഓട്ടത്തിലേക്കു കടന്നവരെക്കുറിച്ചാണ്. പരിജ്ഞാനത്തിലേക്കു കടന്നവർ, വരാനുള്ള ലോകത്തിന്റെ ശക്തി അറിഞ്ഞവർ, ആത്മാവിന്റെ കാഴ്ചകൾ, കാഴ്ചപാടുകൾ, എല്ലാം മനസ്സിലാക്കുകയും ചെയ്തവരിൽ ആരെങ്കിലും ഒരാൾ പിൻവാങ്ങിയാൽ ആ പരിജ്ഞാനത്തിന്റെ ഓട്ടത്തിലേക്കു അയാളെ പുതുക്കുവാൻ വീണ്ടും കഴിയുകയില്ല. അതുകൊണ്ട് എന്ത് സംഭവിക്കുന്നു? പലപ്പോഴും പെയ്ത മഴ കുടിക്കുന്ന ഒരു ഭൂമിയെ സങ്കൽപ്പിക്കുക. അതിന്റെ ഫലഭൂയിഷ്ഠതയിൽ നിന്ന് അത് നല്ല സസ്യങ്ങളെ ഉത്പാദിപ്പിക്കുന്നു എങ്കിൽ

ശേഷം പേജ് 15 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# സാത്താന്റെ വിഷമുള്ള് ഇല്ലാതാക്കുക

നമ്മെ ആരെങ്കിലും ശുണ്ഠി പിടിപ്പിക്കുകയോ ക്ഷോഭിപ്പിക്കുകയോ ചെയ്തെന്നിരിക്കട്ടെ. അപ്പോൾ അൽപം കോപിക്കുന്നതിനെക്കുറിച്ച് ആരും വലിയ കാര്യമാക്കുകയില്ല. അനുസരണമില്ലാത്ത കുഞ്ഞുങ്ങൾ മാതാപിതാക്കളെ ചിലപ്പോൾ ശുണ്ഠി പിടിപ്പിക്കുന്നു. അപ്പോൾ അവരോടു കോപിക്കുന്നത് സ്വാഭാവികമാണെന്ന് നാം ചിന്തിക്കുന്നു. ദൈവം അംഗീകരിക്കാത്ത തെറ്റായ അളവുകോലാണ് തദവസരത്തിൽ നാം ഉപയോഗിക്കുന്നത്. ഇതേപ്പറ്റിയുള്ള ദൈവപ്രമാണം നമുക്കു അസ്വീകാര്യമായി തോന്നുമെങ്കിലും അതാണ് ശരിയായിട്ടുള്ളത്. 'മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല' എന്നാണ് ദൈവവചനം. (യാക്കോബ് 1:20). ആതോതനുസരിച്ചാണ് നാം വിധിക്കപ്പെടുന്നത്.

പർവതപ്രസംഗത്തിൽ സഹോദരനോട് കോപിക്കുന്നതിനെപ്പറ്റി യേശു പ്രസ്താവിക്കുന്നുണ്ട്. സഹോദരനെ 'മൂഢാ ' എന്നു വിളിച്ചാൽ എന്തു സംഭവിക്കുമെന്നു നോക്കൂ. ഇത് ഒരു  വലിയ പാപമായി നാം കരുതുന്നില്ല. എന്നാൽ ഇതിനു വലിയ ശിക്ഷാവിധിയാണ് കർത്താവ് കല്പിക്കുന്നത്. കോപിഷ്ഠരെ കൊലപാതകികളായിട്ടാണ് വിശുദ്ധ ബൈബിൾ വിശേഷിപ്പിക്കുന്നത്. അങ്ങനെയുള്ളവരുടെ ശിക്ഷയും ഭയങ്കരമാണ്. കോപമാണല്ലോ കൊലപാതകത്തിലേക്കു പലപ്പോഴും വഴി നടത്തുന്നത്. കോപത്തോടുകൂടി നാം മറ്റുള്ളവരോട് ഇടപെടുമ്പോൾ നമ്മുടെ ആത്മാവിൽ പാപവടുക്കൾ ഉല്പാദിപ്പിക്കപ്പെടുന്നു. കോപിക്കുമ്പോൾ നമ്മുടെ ആത്മാവിലുള്ള ചില നല്ല വശങ്ങളെ നാം കൊല ചെയ്യുകയാണ്. തുടർച്ചയായി കോപിഷ്ഠരായി കഴിയുന്നവരുടെ ശിക്ഷ ഭയങ്കരമാണ്. 'സഹോദരനോടു കോപിക്കുന്നവനെല്ലാം ന്യായവിധിക്കു യോഗ്യനാകും. 'നിസ്സാരാ' എന്നു പറഞ്ഞാൽ ന്യായാധിപസഭയുടെ മുമ്പാകെ നിൽക്കേണ്ടിവരും. 'മൂഢാ ' എന്നു പറഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും' (മത്തായി 5:22). സൗമ്യതയുള്ളവർ ദൈവത്തിനു സ്വന്തം ആയിരിക്കുന്നതുപോലെ കോപിഷ്ഠർ സാത്താന്റെയും അവന്റെ അന്ധകാരരാജ്യത്തിന്റെയും വകയാണ്. അതുകൊണ്ട് നാം കോപത്തിന് അധീനരാകരുത്. യാക്കോബ് അപ്പൊസ്തലൻ ഇങ്ങനെ എഴുതിയിരിക്കുന്നു : 'പ്രിയ സഹോദരന്മാരേ, നിങ്ങൾ അത് അറിയുന്നുവല്ലോ. എന്നാൽ ഏതു മനുഷ്യനും കേൾക്കുവാൻ വേഗതയും, പറയുവാൻ താമസവും, കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ' (യാക്കോബ് 1:19).

സാത്താന്റെ കെണിയിൽ നാം അകപ്പെടരുത്. 'അവന്റെ തന്ത്രങ്ങളെക്കുറിച്ച് നാം അറിയാത്തവരല്ലല്ലോ'. ചിലപ്പോഴെല്ലാം കോപിക്കുന്നതിൽ തെറ്റില്ല എന്നു സാത്താൻ നമ്മോട് പറയുന്നു. അവൻ ഈ ഉപായം പ്രയോഗിക്കുമ്പോൾ 'സാത്താനേ എന്റെ പിറകിൽ പോ' എന്നു പറഞ്ഞ് നാം അവനെ എതിർക്കണം. യേശുകർത്താവ് നമ്മെപ്പോലെ പാപിയല്ല, അവിടുന്ന് പരിശുദ്ധനത്രെ. യരുശലേം ദൈവാലയം പാപപങ്കിലമായി കർത്താവ് കണ്ടു. അപ്പോൾ താൻ  പരിശുദ്ധാത്മപ്രേരിതനായി സ്നേഹത്താൽ ഹൃദയവേദന അനുഭവിച്ചുകൊണ്ട് കോപത്തോടെ പ്രതികരിച്ചു. ക്രിസ്തുവിന്റെ  കോപം സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ടിട്ട് രക്ഷയ്ക്കായിട്ടുള്ളതായിരുന്നു.

എന്നാൽ ഇന്നത്തെ മനുഷ്യന്റെ സ്ഥിതിയെന്താണ്? പലരുടെയും ഹൃദയം കള്ളന്മാ

രുടെ ഗുഹയായിരിക്കുന്നു. അതിൽനിന്നു ദുഷ്ടവിചാരങ്ങൾ വമിക്കുന്നു. അത് വിഷമടങ്ങിയ ഒരു പാനപാത്രത്തിനു സമം. നാം മറ്റുള്ളവരോട് കോപത്തോടെ പെരുമാറുമ്പോൾ അവർക്ക് ഈ പാനപാത്രം കുടിക്കുവാൻ കൊടുക്കുകയത്രേ ചെയ്യുന്നത്. നമ്മുടെ നല്ല ഉദ്ദേശ്യങ്ങൾ കൈപ്പും വെറുപ്പുംകൊണ്ട് മലിനമായിത്തീരുന്നു. ഹൃദയം പാപത്താൽ നിറഞ്ഞിരിക്കുമ്പോൾ നമ്മുടെ കോപംകൊണ്ട് എന്തെങ്കിലും നന്മയുണ്ടാകുമോ? ഈ സ്ഥിതിയിൽ നമ്മുടെ കോപം മറ്റുള്ളവരെ എങ്ങനെ സഹായിക്കും? ആ വിചാരം നമ്മെ അസത്യവാദികളും കപടഭക്തരുമാക്കുകയാണ് ചെയ്യുന്നത്. നമ്മുടെ കോപം മറ്റുള്ളവരുടെ മുമ്പാകെയുള്ള ഒരു പ്രകടനമാണ്. അത് സാത്താന്റെ വിഷമുള്ളാണ്. അതുപയോഗിച്ച് മറ്റുള്ളവരെ സഹായിക്കുവാൻ എങ്ങനെ കഴിയും? അവരെ അത് പാപത്തിലേക്ക് കൂടുതൽ വഴി നടത്തുകയേയുള്ളൂ.

സാത്താന്റെ കോപമാകുന്ന വിഷത്തെ നമ്മുടെ ഹൃദയത്തിൽനിന്നു നിഷ്കാസനം ചെയ്യേണ്ടതുണ്ട്. അപ്പോൾ സാത്താന്റെ ശക്തിയിൽനിന്നു നമുക്ക് വിടുതൽ ലഭിക്കും. ഈ പാപത്തെ വെറുത്ത് അതിനോട് വിശ്വാസപ്പോരാട്ടം നടത്തിയെങ്കിലേ ഇതു നമുക്കു ലഭ്യമാകുകയുള്ളൂ. സാത്താന്റെ പ്രവൃത്തികളെ അഴിപ്പാനാണല്ലോ ദൈവപുത്രൻ വന്നത്. നമ്മിലുള്ള ഈ പൈശാചികമനോഭാവത്തെ യേശു നിർമ്മൂലമാക്കുന്നു. ഒരു മിസ്രയീമ്യനെ കൊന്ന മോശെയെപ്പറ്റി ദൈവം പറയുന്നത്, 'മോശെ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യതയുള്ളവനായിരുന്നു' (സംഖ്യ 12:3) എന്നാണ്.

യേശുവിന്റെ വഴി തെരഞ്ഞെടുത്തുകൊണ്ട് കോപം എന്ന വികാരത്തോട് നമുക്ക് പോരാടേണ്ടതുണ്ട്. 'നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ക്രിസ്തു ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും, കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കയത്രെ ചെയ്തത്' (1 പത്രൊസ് 2:21) എന്നു നാം വായിക്കുന്നു. 'ഞാൻ സൗമ്യനാകുന്നു' എന്നു പറഞ്ഞ കർത്താവിനെ നമ്മുടെ ആത്മക്കണ്ണുകൾ കൊണ്ട് നമുക്കു കാണാം. ദൈവകുഞ്ഞാടായ യേശു സൗമ്യതയും ക്ഷമയും താഴ്മയും നിറഞ്ഞവനാണ്. താൻ സ്നേഹത്തിന്റെ പ്രതീകമാണ്. നമ്മെ ഈ ദിവ്യസ്വഭാവങ്ങൾ

**കോപവും രോഷവുമല്ല, സൗമ്യതയും മനസ്സലിവുമാണ് കഠിനഹൃദയങ്ങളെ അലിയിക്കുന്നത്.**

പ്രാപിക്കുന്നതിനായിട്ടത്രേ അവിടുന്ന് രക്ഷിച്ചത്. ഈ ദിവ്യസ്വഭാവങ്ങൾ നമ്മിൽ പ്രതിഫലിക്കണം. ആ പ്രതിഫലനം ആണ് മറ്റുള്ളവരെ ദൈവരാജ്യത്തിനായി നേടുവാൻ സഹായിക്കുന്നത്. കോപവും രോഷവുമല്ല, സൗമ്യതയും മനസ്സലിവുമാണ് കഠിനഹൃദയങ്ങളെ അലിയിക്കുന്നത്.

സൗമ്യതയുടെ ഈ മാർഗ്ഗം നമ്മെ സ്വർഗത്തിലേക്കു നയിക്കുന്നു. 'സൗമ്യതയുള്ളവരെയാണ് ഭാഗ്യവാന്മാർ അഥവാ അനുഗ്രഹീതർ' എന്നു സംബോധന ചെയ്തിരിക്കുന്നത്. കോപിയുടെ മാർഗ്ഗം അവനെ നരകത്തിലേക്കു കൊണ്ടുപോകുന്നു. നമുക്ക് ഇതിലൊരു വഴി തെരഞ്ഞെടുക്കാം. സൗമ്യതയുടെ വഴിയേ നമുക്കു പോകണമെങ്കിൽ രക്ഷാനായകനായ യേശു നമ്മെ നടത്തും. നമുക്ക് ആരോടെങ്കിലും അമർഷമുണ്ടെങ്കിൽ ആ വ്യക്തിയുടെ അടുത്തേക്കല്ല ഉടനെ പോകേണ്ടത്. ദൈവസന്നിധിയിൽ നാം വിനയപ്പെടുക. കുറെ സമയം പ്രാർത്ഥനക്കായി ചെലവഴിക്കുക. വാക്കുകളാൽ ആ വ്യക്തിയെ എതിരിടുന്നതിനു പകരം പറയുവാനുള്ളത് ഒരു കടലാസിൽ എഴുതുക. കോപത്തോടുകൂടി സൂര്യാസ്തമനം വരെ നാം പോകാതിരിക്കുക. അതായതു കോപിച്ചവരോട് സൂര്യൻ അസ്തമിക്കുന്നതിനു മുമ്പുതന്നെ നിരപ്പ് പ്രാപിക്കുക. അപ്രകാരമുള്ള നമ്മുടെ നടപടിയെ കർത്താവ് അനുഗ്രഹിക്കുകയും കൂടുതൽ സൗമ്യമായി ഇടപെടുന്നതിനു നമ്മെ പ്രാപ്തരാക്കുകയും ചെയ്യും.

കർത്താവ് നമുക്കുവേണ്ടി മരിച്ചതിനാൽ കോപമാകുന്ന പാപത്തിൽനിന്നും നമ്മെ വീണ്ടെടുത്തിരിക്കുന്നു. ഏതു പാപവും ജന്മനാ മനുഷ്യരിൽ കാണപ്പെടുന്ന പാപസ്വഭാവത്തിൽനിന്നും ഉത്ഭവിക്കുന്നതാണ്. വീണ്ടും ജനിക്കുമ്പോൾ അനുദിന ശുദ്ധീകരണത്തിലൂടെ കർത്താവിൽ നാം പുതുസൃഷ്ടിയായി, ക്രിസ്തു എന്ന തലയോളം സൗമ്യതയും താഴ്മയും ഉള്ളവരായി വളർന്നു ക്രിസ്തുവിന്റെ തികവിലേക്കു എത്തിച്ചേരുന്നു. ഇത് വിശ്വാസത്താൽ നാം അവകാശമാക്കണം. ഈ തികവിലേക്കു വളരുവാൻ സർവശക്തനായ ദൈവം ഏവരെയും സഹായിക്കട്ടെ. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# തിന്മയുടെ കുത്തൊഴുക്കിൽ പതറാതെ...

ആഗോളപരമായി നടക്കുന്ന സംഘർഷങ്ങൾക്കിടയിലും പരിശുദ്ധാത്മാവ് സഭയെ അതിന്റെ ഏറ്റവും വലിയ പരിവർത്തനഘട്ടത്തിലേക്ക് നയിക്കുന്നു. ഇക്കാലത്തെ സമ്മർദ്ദങ്ങളും പ്രതിസന്ധികളും പേടിപ്പെടുത്തുന്ന ലോകസംഭവങ്ങളും കർത്താവിന്റെ വരവിൽ തേജസ്ക്കരിക്കപ്പെട്ടു എടുക്കപ്പെടുകയെന്ന നമ്മുടെ ലക്ഷ്യത്തെ പരിമിതപ്പെടുത്തുന്ന പ്രതിബന്ധങ്ങളായി കാണരുത്. എന്തെന്നാൽ, സർവ്വശക്തന്റെ കൈകളിൽ അവിടുന്ന് നമ്മെ പരിപൂർണ്ണരാക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ആണ് മേൽപ്പറഞ്ഞ സമ്മർദ്ദങ്ങളും സംഘർഷങ്ങളും.

അന്ത്യകാലസംഭവങ്ങൾ വ്യാഖ്യാനിക്കുന്നതിലെ പ്രശ്നങ്ങളിലൊന്ന് എല്ലാ വശങ്ങളും പരിഗണിക്കാതെ ഒരു കൂട്ടം വ്യവസ്ഥകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രവണതയാണ്. ക്രോധത്തോടെയുള്ള സാത്താന്റെ പ്രവർത്തികൾ, അധാർമ്മികത, യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ, ക്ഷാമങ്ങൾ എന്നിവ ഉണ്ടാകുമെന്നു മാത്രം പരിഗണിച്ചാൽ, സഭയുടെ ഉത്പ്രാപണം വരെ നമ്മെ കാത്തിരിക്കുന്നത് ബുദ്ധിമുട്ടുകളും അന്ധകാരവും മാത്രമാണെന്ന തെറ്റായ നിഗമനത്തിൽ എത്തിച്ചേരും.

യുഗാവസാനത്തിലെ അപകടകരമായ അവസ്ഥകൾ അതായതു പ്രയാസങ്ങളും യുദ്ധങ്ങളും പ്രവചിച്ച അതേ ആത്മാവ് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം ലോകമെമ്പാടും എല്ലാ ജനതകളോടും പ്രഖ്യാപിക്കപ്പെടുമെന്നും പ്രവചിച്ചിരിക്കുന്നു (മത്തായി 24:14). അവസാനനാളുകളിലെ ദൈവവേല പൂർണ്ണവളർച്ചയിലെത്തുമെന്നും (മർക്കോസ് 4:29), തങ്ങളുടെ ദൈവത്തെ അറിയുന്നവർ ഉറച്ചു നിന്ന് വീര്യം പ്രവർത്തിക്കുമെന്നും അവർ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുകയും അനേകരെ നീതിയിലേക്ക് നയിക്കുകയും ചെയ്യുമെന്നും ദാനിയേലിലൂടെ കർത്താവ് അരുളിച്ചെയ്തു (ദാനിയേൽ 11:32; 12:3).

നമ്മുടെ ശ്രദ്ധ എല്ലാ കാര്യങ്ങളിലും ക്രിസ്തുവിനെപ്പോലെ ആകുന്നതിലായിരിക്കണം. എന്നാൽ എനിക്ക് ചുറ്റുമുള്ള ലോകം പാപവും ദുഷ്ടതയും നിറഞ്ഞതാണ്, അത് കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ് എന്ന് ചിലർ വാദിച്ചേക്കാം. പാപം പെരുകുന്നിടത്ത് ദൈവകൃപയും

പെരുകുമെന്ന് റോമർ 5:20 ൽ പറയുന്നു. നമുക്കെതിരെ ആഞ്ഞടിക്കുന്ന തിന്മയുടെ കുത്തൊഴുക്കിൽ നാം തളർന്നുപോയേക്കാം. എങ്കിലും ശത്രു ഒരു മലവെള്ളപ്പാച്ചിൽ പോലെ വരുമ്പോൾ ദൈവത്താൽ നാം അതിനെതിരെ ഒരു കൊടി ഉയർത്തും എന്ന് തന്നെയാണ് ദൈവത്തിന്റെ വാഗ്ദത്തം (യശയ്യാവു 59:19). നമ്മുടെ ശ്രദ്ധ ശത്രുവിന്റെ പ്രവർത്തിയെക്കുറിച്ച് മാത്രമായിരിക്കാതെ അതിനെ നേരിടാൻ നമ്മെ പ്രാപ്തരാക്കുന്ന ആത്മികശക്തിയെക്കുറിച്ചും കൂടി ആയിരിക്കണം. പടകിൽ യാത്ര ചെയ്യുമ്പോൾ ആഞ്ഞടിച്ച തിരമാലകളെയും കൊടുങ്കാറ്റിനെയും ശ്രദ്ധിച്ച ശിഷ്യന്മാർ ഭയചകിതരായി. തങ്ങളോടൊപ്പം യേശുവും അതെ പടകിൽ ഉണ്ടെന്നുള്ള ബോധ്യം അവർക്കു ധൈര്യം പകരേണ്ടതായിരുന്നു.

അന്ധകാരം ഭൂമിയെയും പാപത്തിന്റെ അഗാധമായ ഇരുട്ട് ജനതകളെയും മൂടുമ്പോൾ പോലും, ദൈവത്തിന്റെ മഹത്വം നമ്മുടെമേൽ ഉദിക്കും. തന്റെ സാന്നിദ്ധ്യം നമ്മിലൂടെ ദൃശ്യമായി കാണപ്പെടും എന്നുള്ളത് മറക്കരുത്! അന്ധകാരം ഒരിക്കലും അവസാനിക്കുന്നില്ല എന്ന തോന്നലുണ്ടായാൽപ്പോലും... വെളിച്ചവും ഇരുട്ടും തമ്മിലുള്ള യുദ്ധത്തിനൊടുവിൽ 'രാഷ്ട്രങ്ങൾ ദൈവത്തിന്റെ വെളിച്ചത്തിലേക്കും രാജാക്കന്മാർ ദൈവത്തിന്റെ ഉദയശോഭയിലേക്കും വരും' എന്ന് കർത്താവ് വാഗ്ദാനം ചെയ്യുന്നു (യെശയ്യാവ് 60:13).

വാസ്തവത്തിൽ, അന്ത്യകാലസംഭവങ്ങളുടെ നടുവിൽ പ്രഭ പരത്തി നിൽക്കുന്ന ദൈവവചനം ഉറപ്പുള്ള ഒരു 'പുന:സ്ഥാപന കാലഘട്ടം' ഉണ്ടാകുമെന്ന് വെളിപ്പെടുത്തുന്നു(പ്രവൃത്തികൾ 3:20, 21). ചിലർ തെറ്റായി പഠിപ്പിക്കുന്നത് പോലെ ലോകം സഭയാൽ കീഴടക്കപ്പെടും എന്നല്ല ഇതിനർത്ഥം. യഥാർത്ഥ സഭ ക്രിസ്തുവിനാൽ പൂർണ്ണമായി ഭരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യും എന്നാണ്! കൃപയാലുള്ള ഈ ആത്യന്തിക രൂപാന്തരം ക്രിസ്തുവിനെപ്പോലെ ജീവിക്കുന്നവരിക്കൂടി പൂർത്തിയാകും. ആത്മീയ പക്വത പ്രാപിച്ച വിശുദ്ധന്മാർ ഭൂമിയിൽ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും മനോഭാവത്തെയും വെളിപ്പെടുത്തും.

ലോകത്തോടും ജഡത്തോടും സാത്താനോടുമുള്ള നമ്മുടെ യുദ്ധം മൂർച്ഛിക്കുന്നതായി തോന്നുമെങ്കിലും, ദൈവവചനം വെറുതെ ഒരിക്കലും നമ്മിലേക്ക് മടങ്ങിവരില്ലെന്ന് ഓർമ്മപ്പെടുത്തുന്നതിനാണ് ഞാൻ ഇത് നിങ്ങൾക്ക് എഴുതിയത്. നമ്മുടെ പോരാട്ടം വിശ്വാസത്തിന്റെ പോരാട്ടമാണ്. ദൈവം വാഗ്ദത്തം ചെയ്തതിൽ നാം വിശ്വസിക്കുന്നുണ്ടോ? നമ്മുടെ യുദ്ധം സാത്താന്യ ഭരണകൂടങ്ങൾക്കും അധികാരങ്ങൾക്കും എതിരെയാണ്. ഇവിടെ ദൈവജനം ജയം പ്രാപിക്കുമ്പോൾ, ക്രിസ്തു അനേകം ജനതകളുടെയിടയിൽ മഹത്വപ്പെടും. അത് അനേക ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും പാപമോചനവും രൂപാന്തരവും അനേകർക്ക് വരുത്തുകയും ചെയ്യും (യെശയ്യാവു 52:12). ഈ ദൈവികവാഗ്ദത്തം നാം വിശ്വസിക്കുന്നുവോ?

**നമുക്കെതിരെ ആഞ്ഞടിക്കുന്ന തിന്മയുടെ കുത്തൊഴുക്കിൽ നാം തളർന്നുപോയേക്കാം. എങ്കിലുംശത്രു ഒരു മലവെള്ളപ്പാച്ചിൽ പോലെ വരുമ്പോൾ ദൈവത്താൽ നാം അതിനെതിരെ ഒരു കൊടി ഉയർത്തും എന്ന് തന്നെയാണ് ദൈവത്തിന്റെ വാഗ്ദത്തം**

ഞാൻ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നു. ദൈവവചനം കഷ്ടകാലത്ത് എനിക്ക് ആശ്വാസം മാത്രമല്ല, ആത്മീയ യുദ്ധസമയത്ത് ശത്രുവിനെ തകർക്കുന്ന ഒരു വാളുമാണ്. കുടുംബം, സഭ, പട്ടണം, ജനതകൾ എന്നിവയുടെ മേൽ ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ നിറവേറൽ വിശ്വാസത്താൽ നാം പ്രഖ്യാപിക്കണം. 'എന്റെ വായിൽ നിന്ന് പുറപ്പെടുന്ന എന്റെ വചനം ഞാൻ ആഗ്രഹിക്കുന്നത് നിറവേറ്റാതെ അത് വൃഥാ എന്നിലേക്ക് മടങ്ങുകയില്ല. ഞാൻ അയച്ച കാര്യം സാധിപ്പിക്കാതെയും... (യെശയ്യാവ് 55:9 - 11 എന്നാണ് ദൈവം തിട്ടവട്ടമായി അരുളിച്ചെയ്തിരിക്കുന്നത്. 'എന്റെ വചനം നിർവ്വഹിക്കേണ്ടതിനു ഞാൻ ജാഗരിച്ചു കൊണ്ടിരിക്കുന്നു' എന്നും കർത്താവ് അരുളിച്ചെയ്യുന്നു (യിരെമ്യാവ് 1:12).

അന്ധകാരത്തിൽ ഇടറുന്ന വെറും മർത്യരല്ല ക്രിസ്തുശിഷ്യർ. ദൈവവചനത്താൽ വീണ്ടും ജനിച്ച, ക്രിസ്തുവിൽ പുതുസൃഷ്ടികളായ, സർ

വ്വശക്തനായ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്നുവരോട് അവിടുന്ന് വീണ്ടും വാഗ്ദാനം ചെയ്യുന്നു, 'അവനിൽ വിശ്വസിക്കുന്ന ആരും ലജ്ജിതരാവുകയില്ല'(റോമർ 10:11).

ഒരു പുതിയ 'യുദ്ധരീതി' യിലേക്ക് ക്രിസ്തു നമ്മെ വിളിക്കുന്നു. അവിടെ നാം ദൈവവചനമാകുന്ന 'ആത്മാവിന്റെ വാൾ' എടുക്കുന്നു. അത് ജീവിക്കുന്ന ദൈവത്തിന്റെ വചനം ആകുന്നു (എഫേസ്യർ 6:17). അതെ, നാം പ്രാർത്ഥനയിൽ പോരാടുകയും മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു. നമ്മുടെയും നമ്മുടെ ജനതകളുടെയും പാപങ്ങൾ പശ്ചാത്തപത്തോടെ ഏറ്റുപറയുന്നു. എന്നാൽ നമ്മുടെ വിജയം നാം എത്രമാത്രം ആത്മികമായി അധ്വാനിക്കുകയും ആത്മാവിൽ ഞരങ്ങുകയും ചെയ്യുന്നു എന്നതിൽ മാത്രമല്ല, മറിച്ച് നാം എത്രമാത്രം ദൈവികവാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നു എന്നതിനെ ആശ്രയിച്ചും ഇരിക്കുന്നു. ഇത് നാം പാലിക്കുന്ന പക്ഷം ദൈവം നമുക്ക് സുനിശ്ചിത വിജയം വാഗ്ദാനം ചെയ്തിരിക്കുന്നു! അതേ, തന്റെ ശബ്ദത്തിന്റെ പ്രതിധ്വനിയാകുന്ന 'ദൈവവചനമെന്ന ആത്മാവിന്റെ വാൾ' സുനിശ്ചിത വിജയം നമ്മിൽ മുഴക്കുന്നതാണ്.

അതിനാൽ പ്രതികൂല സാഹചര്യങ്ങളെക്കുറിച്ചോ, അവിശ്വാസത്താൽ ഉളവാകുന്ന ഭയവും നെടുവീർപ്പും നിറഞ്ഞ ചിന്തകളാലോ വെറുതെ വിലപിക്കരുത്. വിശ്വാസത്തിന്റെ പോരാട്ടം നടത്തുക! ബൈബിൾ എടുത്ത്, ദൈവവചനത്തിലെ വാഗ്ദാനങ്ങൾ ഉച്ചത്തിൽ ഉരുവിടുക. മുകളിൽ ഉദ്ധരിച്ച അനുയോജ്യമായ ഏതെങ്കിലും വാക്യം തിരഞ്ഞെടുത്ത് വിശ്വാസത്തോടും അധികാരത്തോടും കൂടി അത് ഉച്ചത്തിൽ പറയുക. ദൈവവചനം വിശ്വാസത്തോടെ പ്രഘോഷിക്കുകയാണെങ്കിൽ അത് നമ്മുടെ ആത്മാവിലൂടെ മറ്റുള്ളവരിലേക്കും ദൈവശക്തി വ്യാപാരിപ്പിക്കുമെന്നു വചനം ഉറപ്പു നൽകുന്നു.

പ്രപഞ്ചത്തിലെ ഏറ്റവും വലിയ ആയുധങ്ങൾ ദൈവം അരുളിച്ചെയ്ത വാഗ്ദാനങ്ങളാണ്. അവിടുന്ന് നമുക്ക് നൽകുന്ന ഉറപ്പ്. 'വിശ്വസിക്കുന്നവന് എല്ലാം സാധ്യം എന്നാണ്' (മർക്കോസ് 9:23). നമ്മോടുള്ള ദൈവത്തിന്റെ ആഹ്വാനം ആത്മാവിൽ പ്രാർത്ഥിക്കുവാനും ആത്മാവിന്റെ വാളെടുത്ത് വിശ്വാസത്തോടെ പോരാടുവാനുമാണ്. ●

10 > പരിജ്ഞാനപാതയിൽ നിന്ന് പിന്തിരിഞ്ഞാൽ...


അതിനു മാനം ലഭിക്കും, എന്നാൽ മുള്ളും ഞെരിഞ്ഞിലും പറക്കാരയും മുളപ്പിച്ചാൽ അത് അപമാനകരവും അവ കത്തിച്ചു കളയേണ്ടതും ആയി മാറുന്നു. ഇവ ഉത്പ്പാദിപ്പിച്ച ഭൂമിയെ അല്ല കത്തിച്ചു കളയുന്നത്. ഇന്ന് രക്ഷിക്കപ്പെട്ട ആളുകൾ ആദ്യ ആവേശത്തിൽ പരിജ്ഞാനത്തിന്റെ ഓട്ടം തുടങ്ങി ലോകത്തെ ഉപേക്ഷിച്ചു മുന്നേറിയിട്ടു പെട്ടെന്ന് ജീവിത മാർഗ്ഗങ്ങൾക്കായി പിന്തിരിയുമ്പോൾ ഫലങ്ങൾ അപമാനകരമാകുന്നു. അവർ രക്ഷകന് ലോകാപവാദം വരുത്തുന്നതിനാൽ അവരെ പിന്നെയും പുതുക്കുവാൻ കഴിവുള്ളതല്ല.

ഇനി എബ്രായ ലേഖനത്തിലൂടെ എന്താണ് ദൈവം ഈ വിഷയത്തിൽ നമ്മോടു സംസാരിക്കുന്നത് എന്ന് നോക്കാം. ഈ ചർച്ച തുടങ്ങുന്നത്, നാം നേരത്തെ കണ്ടതുപോലെ, അഞ്ചാം അദ്ധ്യായത്തിന്റെ പന്ത്രണ്ടാം വാക്യത്തിൽ ആണ്. കാലം നോക്കിയാൽ നാം ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടവർ ആണ് എന്ന് ലേഖന കർത്താവു പറയുന്നു. പക്ഷെ അതിനുള്ള വളർച്ചയോ പരിജ്ഞാനമോ ഇല്ല. ഇപ്പോഴും കേൾക്കാൻ മാത്രമേ കഴിയുന്നുള്ളു. അപ്പോൾ ഒരു ചോദ്യം സ്വാഭാവികമായി ഉയരുന്നു. ആരാണ് ശുശ്രൂഷകരും പ്രത്യേകിച്ച് ഉപദേശിക്കുന്നവരും ആയിരിക്കേണ്ടത്? അടിസ്ഥാന വിഷയങ്ങൾ പ്രയോഗികമാക്കിയവരും, ക്രിസ്തുവിന്റെ പരിജ്ഞാനത്തിലേക്കു പ്രവേശിച്ചവരും ആയിരിക്കണം ഉപദേഷ്ടാക്കന്മാർ.

എന്നാൽ ഇന്ന് ഉപജീവന കാര്യങ്ങളുടെ ശുശ്രൂഷകർ ആണ് നമുക്ക് ചുറ്റും കൂടുതൽ. അവർ പരിജ്ഞാനത്തിലേക്ക് നടക്കുന്നില്ല എന്നത് മാത്രമല്ല, അടിസ്ഥാന വിഷയങ്ങളിലേക്കു പോലും കടക്കുന്നില്ല. അത് കൊണ്ട് മഴ ലഭിക്കുന്ന ഭൂമി പോലും ഇന്ന് കാണാനില്ല. അടിസ്ഥാന സത്യങ്ങളെങ്കിലും സഭകളിൽ പഠിപ്പിച്ചിരുന്നു എങ്കിൽ, കുറഞ്ഞപക്ഷം രക്ഷിക്കപ്പെട്ട ചിലരെങ്കിലും സഭയിൽ ഉണ്ടാകുമായിരുന്നു, അവർ ഒരു ഫലവും പുറപ്പെടുവിച്ചില്ല എങ്കിൽ പോലും. എന്നാൽ ഭൂമി ഇന്ന് മഴ സ്വീകരിക്കാൻ ഒരുക്കപ്പെടുന്നില്ല, അതുകൊണ്ട് തന്നെ മഴ പെയ്യുന്നതുമില്ല ●



ഡോ. സുജിത്ത് സൈമൺ



# പ്രീമാരിറ്റൽ കൗൺസലിംഗിന്റെ പ്രസക്തി

ഏറ്റവും കൂടുതൽ കുടുംബബന്ധങ്ങൾ ശിഥിലം ആയിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് നാം എല്ലാ ദിവസവും തന്നെ കേൾക്കുന്ന ഒരു കാര്യമാണ് ആരെങ്കിലും വിവാഹബന്ധം വേർപ്പെടുത്തി, അല്ലെങ്കിൽ പിരിയാൻ പോകുന്നു എന്നൊക്കെ. ഇത് കേരളത്തിലെ മാത്രം കാര്യമല്ല, എല്ലായിടത്തും കുടുംബ പ്രശ്നങ്ങൾ കൂടിവരുന്നു. ഭൂരിഭാഗം വിവാഹമോചനത്തിന്റെയും കാരണം ചികഞ്ഞുപോയാൽ നാം അത്ഭുതപ്പെടും. ഇത്ര നിസ്സാര കാര്യത്തിനാണോ ഇവർ പിരിഞ്ഞതെന്ന് ചിന്തിക്കും. എന്തുകൊണ്ടാണ് വിവാഹ ജീവിതത്തിലെ ചെറിയ കാര്യങ്ങൾക്ക് പോലും പൊരുത്തപ്പെടാൻ പറ്റാത്തത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ...?

വിവാഹം വ്യക്തിപരമായ ബന്ധം മാത്രമല്ല; സാമൂഹ്യവും കുടുംബപരവുമായ ബന്ധം കൂടിയാണ്. വിഭിന്ന കുടുംബങ്ങളിൽ, വ്യത്യസ്ത ചുറ്റുപാടുകളിൽ ജനിച്ചുവളർന്ന്, ശാരീരികവും മാനസികവും സാംസ്കാരികവുമായി വ്യത്യസ്തരായ സ്വഭാവപ്രകൃതങ്ങൾ ഉള്ള വ്യക്തികളാണ് വിവാഹത്തിലൂടെ ഒന്നിക്കുന്നതും തുടർന്ന് ദീർഘകാലം ഒരേ വീട്ടിൽ, ഒരേ മുറിയിൽ കഴിയേണ്ടി വരുന്നതും... അപ്പോൾ സ്വാഭാവികമായും പ്രശ്നങ്ങളും, പൊരുത്തക്കേടുകളും, താളപ്പിഴകളും ഉണ്ടാകും. കനൽ ഒരു തരി മതി എന്ന പോലെ തന്നെയാണ് ജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും. തക്കസമയത്ത് അത് പരിഹരിക്കാൻ പറ്റിയില്ലെങ്കിൽ വലിയ വില കൊടുക്കേണ്ടി വരും. ഒരു വിവാഹബന്ധം വേർപെടുമ്പോൾ ദമ്പതികൾ മാത്രമല്ല പിരിയുന്നത്. അവർക്കു മക്കളുണ്ടെങ്കിൽ അവർ അനാഥരാകുന്നു. അനാഥരായ മക്കളെച്ചൊല്ലി വേർപിരിഞ്ഞ ദമ്പതികളും പിന്നീട് ദുഖിക്കേണ്ടി വരുന്നു. വേർപിരിയുന്ന ദമ്പതികളുടെ മാതാപിതാക്കൾ മനോവ്യഥ ജീവകാലം മുഴുവൻ പേറേണ്ടി വരുന്നു. ഇവിടെയാണ് പ്രീമാരിറ്റൽ കൗൺസലിംഗ്(Pre Marital Counseling) അഥവാ വിവാഹത്തിന് മുമ്പുള്ള കൗൺസലിംഗിന്റെ ആവശ്യകത ഏറുന്നത്.

മറ്റേതൊരു പ്രൊഫഷന് വേണ്ടിയും ദീർഘകാലത്തെ തീവ്രമായ പഠനവും പരിശീലനവും നടത്താറുണ്ട്. എന്നാൽ അതിനേക്കാൾ പ്രാധാന്യമുള്ള സമാധാന പൂർണ്ണമായ കുടുംബ ജീവിതത്തിനുവേണ്ടി, മുൻധാരണകളൊന്നുമില്ലതെ, വേണ്ട മാനസിക വൈകാരിക തയ്യാറെടുപ്പുകൾ എടുക്കാതെ, പലവിധ തെറ്റിധാരണകളും സംശയങ്ങളും ആശങ്കകളും ആയിട്ടാണ് മിക്കവാറും വധൂവരന്മാർ വിവാഹത്തിൽ ഏർപ്പെടുന്നത്. സങ്കൽപ്പങ്ങളും ജീവിതയാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേടുകൾക്കു മുന്നിൽ ഈ കൂട്ടർ പകച്ചു നിൽക്കുന്നു. വിവാഹത്തിന് മുമ്പുള്ള കൗൺസലിങ്ങിൽ പങ്കെടുക്കുന്നതിലൂടെ ദമ്പതികൾക്ക് അവരുടെ ബന്ധത്തിന് ആരോഗ്യകരമായ അടിത്തറ നൽകാൻ സഹായിക്കുകയും ശക്തമായ ബന്ധം കെട്ടിപ്പടുക്കുവാൻ കഴിയുകയും ചെയ്യും. പ്രീമാരിറ്റൽ കൗൺസലിങ്ങിലൂടെ ദമ്പതികളെ, വിവാഹത്തെക്കുറിച്ചുള്ള അവരുടെ പരസ്പര പ്രതീക്ഷകൾ തിരിച്ചറിയുന്നതിനും, അവർക്ക് ഉണ്ടാകാവുന്ന ആശങ്കകളും അബദ്ധ ധാരണകളും പരിഹരിക്കുന്നതിനും സഹായിക്കുന്നു. വൈകാരികവും, മാനസികവും, സാമ്പത്തി

കവും, കുടുംബപരവും ആദ്ധ്യാത്മികവുമായ ഒട്ടനവധി പ്രശ്നങ്ങൾ ദാമ്പത്യ പൊരുത്തക്കേടുകൾക്ക് കാരണമാകുന്നു.

ദാമ്പത്യ ജീവിതത്തെ താറുമാറാക്കുന്ന പൊതുവായ പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്: ജീവിതപങ്കാളികളുടെ ഇടയിലുള്ള അസംതൃപ്തി, ശാരീരികവും മാനസികവുമായ രോഗങ്ങൾ, ധന വിനിയോഗത്തിലുള്ള അഭിപ്രായവ്യത്യാസം, സാമ്പത്തിക അച്ചടക്കമില്ലായ്മ, മാതാപിതാക്കളെ അമിതമായി ആശ്രയിക്കേണ്ടി വരിക, വീട്ടുകാരുടെ അമിതമായ ഇടപെടൽ, പങ്കാളിയുമായി സമയം ചെലവഴിക്കാൻ കഴിയാത്ത തിരക്കുപിടിച്ച ജീവിതം, വ്യക്തിത്വത്തിലെ ഭിന്നത, പരസ്പരമുള്ള വിശ്വാസക്കുറവ് അഥവാ സംശയം, കുട്ടികളെ വളർത്തുന്ന കാര്യത്തിലുള്ള അഭിപ്രായവ്യത്യാസം, ആത്മീയതയോടും ജീവിതമൂല്യങ്ങളോടും ഉള്ള വ്യത്യസ്തമായ കാഴ്ചപ്പാട്, ലഹരിയോടുള്ള ആസക്തി, പലതരം അഡിക്ഷൻസ് (Addictions), കുറ്റബോധം, അപകർഷതാബോധം മുതലായവ.

ഇപ്പറഞ്ഞതു കൂടാതെ ചായ ആവശ്യപ്പെട്ടത് സമയത്തു കിട്ടിയില്ല എന്ന് തുടങ്ങി വളരെ നിസ്സാര കാര്യങ്ങൾക്കു പോലും പരിഹാരമെന്നോണം വിവാഹമോചനം ആഗ്രഹിക്കുകയും അതിനായി നടപടികളെടുക്കുകയും ചെയ്യുന്ന ചില ദമ്പതികളുമുണ്ട്. അവരുടെ മാനസിക അവസ്ഥ വളരെ അപക്വമാണെന്നല്ലാതെ എന്താണ് പറയുക? മാതാപിതാക്കളുടെ അമിതവാത്സല്യം ഇത്തരം സാഹചര്യങ്ങളിലേക്കു വഴി നടത്തിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

വ്യത്യസ്ത സ്ഥലങ്ങളിൽ ജോലി ചെയ്യുകയും ആശയവിനിമയം വേണ്ടും വിധം ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ദമ്പതികകൾക്കിടയിൽ മന:പ്പൂർവ്വമല്ലെങ്കിൽപ്പോലും അവഗണന രൂപം കൊള്ളുന്നു. ഉദാഹരണത്തിന് ഗൾഫിൽ ജോലി ചെയ്യുന്ന ഭർത്താവ്, വീട്ടിൽ നിന്നും അകലെയുള്ള നഗരത്തിൽ ജോലി ചെയ്യുന്ന ഭാര്യയെ, അവളുടെ പ്രതീക്ഷകൾക്കൊത്തവണ്ണം കരുതാതെ വരുന്നത് അന്യോന്യമുള്ള അകൽച്ചയ്ക്കും കാരണമാകും. ജോലിസ്ഥലത്തും നിന്നും അവധിക്കു വരുന്ന ഭർത്താവോ ഭാര്യയോ, മനസ്സിൽ താലോലിച്ചിരുന്ന പല അഭിലാഷങ്ങളും നടക്കാതെ വന്നതിലുള്ള വിഷമം പേറുമ്പോൾ, നാട്ടിൽ അവരെ കാത്തിരുന്നവർക്കും അതേ മനോദു:ഖം അനുഭവിക്കേണ്ടി വരുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട് സംതൃപ്തരായി കുടുംബജീവിതം നയിക്കുവാൻ ദമ്പതികളെ സഹായിക്കുന്നതാണ് വിവാഹ പൂർവ്വ കൗൺസലിംഗ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പലപ്പോഴും ദാമ്പത്യ ബന്ധത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. ഇത്തരം സാഹചര്യങ്ങളിൽ പക്വതയോടെ പ്രശ്നങ്ങളുടെ കാരണം മനസ്സിലാക്കി ക്ഷമയോടെ പരസ്പരം കുറ്റപ്പെടുത്തുകയും, അവഗണിക്കുകയും ചെയ്യാതെ, ശരിയായ പരിഹാരത്തിലേക്ക് എത്തിച്ചേരുകയാണ് ചെയ്യേണ്ടത്. മറിച്ച്, പരസ്പരം മനസ്സിലാക്കാതെയും, പ്രശ്നങ്ങളുടെ ശരിയായ കാരണം തിരിച്ചറിയാതെയും, പങ്കാളിയെ മുറിപ്പെടുത്തുന്ന രീതിയിൽ കുറ്റപ്പെടുത്തുകയും പൊട്ടിത്തെറിച്ച് സംസാരിക്കുകയും ചെയ്യുമ്പോൾ, പരസ്പര സ്നേഹവും വിശ്വാസവും നഷ്ടപ്പെട്ട് നിരാശരായി അന്യരെപ്പോലെ ഒരേ വീട്ടിൽ മനസ്സുകൾ തമ്മിലകന്നു ജീവിക്കുവാൻ കാരണമാകുന്നു. സ്വന്തം ആത്മാഭിമാനം സംരക്ഷിക്കുന്നതിനു വേണ്ടി കിണഞ്ഞ് ശ്രമിക്കുന്ന ഇവർ ചിലപ്പോൾ ആരോപണങ്ങൾക്ക് അതേ നാണയത്തിൽ മത്സരിച്ചു തിരിച്ചടിക്കാനും ശ്രമിക്കുന്നു.

ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുവാൻ വേണ്ട മുൻ കരുതലുകൾ എടുക്കുക, പ്രശ്നങ്ങൾ പരിഹരിച്ച് കെട്ടുറപ്പുള്ള ദാമ്പത്യ ജീവിതത്തിന് ദമ്പതികളെ തയ്യാറാക്കുക, എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പ്രീമാരിറ്റൽ കൗൺസലിംഗ് നൽകുന്നത്. അവബോധത്തിലൂടെയും ആശയ വിനിമയത്തിലൂടെയും അവയെ കൈകാര്യം ചെയ്യാമെന്ന് കൗൺസലർ ദമ്പതികളെ ബോധ്യപ്പെടുത്തുന്നു. ഇവിടെ ദമ്പതികളെ ഉപദേശിക്കുകയോ പരിഹാരം നിർദേശിക്കുകയോ അല്ല ചെയ്യുന്നത്. പ്രത്യുത, പരിഹാരം കണ്ടെത്താൻ വ്യക്തികൾക്ക് ചില ഉൾക്കാഴ്ചകൾ നൽകുകയും തദ്വാരാ അവരെ ഒരുക്കുകയും ആണ് ചെയ്യുന്നത്.

കൗൺസലിംഗ് തങ്ങളുടെ അഭിമാനത്തിന് ചേർന്നതല്ല എന്ന അബദ്ധധാരണയുള്ള ചില മാതാപിതാക്കൾ ഇത് തങ്ങളുടെ മനസ്സിൽ നിന്നും പിഴുതുകളയേണ്ടതാണ്. വിവാഹാനന്തരം ഒന്നിച്ചു ജീവിക്കുന്നതിലൂടെ ശാരീരിക മാനസിക ഐക്യം ആരോഗ്യകരമായി നിലനിർത്തുവാൻ അനിവാര്യമായ നിർദ്ദേശങ്ങൾ വിവാഹപൂർവ കൗൺസലിംഗിലൂടെ ലഭിക്കുന്നത് ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണ്. •



ഡോ. സി. റ്റി. ലൂയിസ്കുട്ടി

# ശിഷ്യത്വ പരിശീലനം സഭയുടെ മുഖ്യ ആവശ്യം

**ഓ**പ്പറേഷൻ വേൾഡ് എന്ന പ്രാർത്ഥനാഗൈഡിൽ നൈജീരിയയുടെ ആവശ്യത്തെപ്പറ്റി പറയുന്നതിൽ ഒരു പ്രസ്താവന ശ്രദ്ധേയമാണ്: 'ആഫ്രിക്കയുടെയും നൈജീരിയയുടെയും ഏറ്റവും വലിയ ആത്മീയ വെല്ലുവിളി ഇസ്ലാമല്ല, അഴിമതിയുമല്ല. സുവിശേഷീകരണ ദൗത്യങ്ങളുടെ ആവശ്യകത പോലും അല്ല, പിന്നെയോ ശിഷ്യത്വമാണ്' ആഫ്രിക്കയിൽ ഇസ്ലാമും മതതീവ്രവാദവും വർധിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. എല്ലാ രാജ്യങ്ങളിലും എല്ലാ മേഖലകളിലും അഴിമതി കളമാടുകയാണ്. എച്ച്ഐവി ബാധ മൂലം അനേകർ മരിക്കുന്നു. അനേക കുട്ടികൾ അനാഥരാകുന്നു. ഓപ്പറേഷൻ വേൾഡിന്റെ കണക്കനുസരിച്ച് ക്രിസ്ത്യാനികൾ പീഡനം അനുഭവിക്കുന്നതിൽ ലോകത്തിൽ ആറാം സ്ഥാനം നൈജീരിയയ്ക്കാണ്. എന്നാൽ ഈ രാജ്യത്തിലെ ഏറ്റവും വലിയ ആത്മീയ വെല്ലുവിളി 'ശിഷ്യത്വം' ഇല്ലായ്മ എന്നതാകുന്നു.

നൈജീരിയയിലെ കണക്കുപ്രകാരം 23 കോടിയോളം ജനസംഖ്യയിൽ 51 ശതമാനം ക്രിസ്ത്യാനികളാണ്. അതിൽ പകുതിയിലധികം ആളുകൾ സുവിശേഷ താൽപര്യമുള്ള സഭകളിലെ അംഗങ്ങളാണ്. അധികവും ഇവാഞ്ചലിക്കൽ സഭക്കാരും ഒരു വലിയ ശതമാനം പെന്തക്കോസ്ത് സഭാവിഭാഗങ്ങളിൽ പെട്ടവരും ആണ് എന്നാൽ ആ രാജ്യത്തിലെയും പ്രധാന പ്രശ്നം സുവിശേഷീകരണത്തിൽ ശ്രദ്ധിക്കുന്നവർ ശിഷ്യത്വത്തിന് പ്രാധാന്യം കൊടുക്കാത്തതാണ്. ആഫ്രിക്കക്കാരുടെ ഇടയിൽ അചരവസ്തുക്കളിൽ ആത്മചൈതന്യം ഉണ്ടെന്ന വിശ്വാസം(animism), മന്ത്രവാദം, പിതാക്കന്മാരുടെയും, മരിച്ചുപോയ മറ്റുള്ളവരുടെയും ആത്മാക്കളുമായി ബന്ധപ്പെട്ടു(shamanism) കാര്യങ്ങൾ നേടാമെന്ന ചിന്ത (spiritism). ഇങ്ങനെ ദൈവവചന വിരുദ്ധമായ ഒരുപാട് വിശ്വാസങ്ങളുണ്ട്. പലകാരണങ്ങളാൽ ക്രിസ്തീയ വിശ്വാസത്തിലേക്ക് വരുന്ന ഒരുപാട് പേരും ഇത്തരം പഴയ വിശ്വാസങ്ങളെ ത്യജിക്കുന്നില്ല. ക്രിസ്ത്യാനി എന്നു പേർ പറയുമ്പോഴും ഈ മാർഗ്ഗങ്ങളിൽ കൂടി എന്തെങ്കിലുമൊക്കെ നേടിയെടുക്കുവാൻ കഴിയും എന്ന് വിശ്വസിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നവർ. വിശ്വാസികളും ശുശ്രൂഷകന്മാരും ക്രിസ്തീയ ശിഷ്യത്വത്തിന്റെ ആദ്യപാഠങ്ങൾ

പോലും മനസ്സിലാക്കിയിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ടാൻസാനിയായിലും ആഫ്രിക്കൻ രാജ്യങ്ങളിലും മിഷണറി പ്രവർത്തനം നടത്തുന്ന സാജുമാത്യുവിനെ പോലെയുള്ളവർ ഇതിന് സാക്ഷ്യം വഹിക്കും. സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള അനേകം മാർഗ്ഗങ്ങളിൽ ഒന്നായി ചിലപ്പോൾ അവയിലൽപ്പം കൂടെ നല്ലതും ചെലവ് കുറഞ്ഞതുമായ ഒന്നായി മാത്രമേ ഒരുപാട് പേർ ക്രിസ്ത്യാനിത്വത്തെ കാണുന്നുള്ളൂ. ക്രിസ്തീയ പരിശീലനം എത്രമാത്രം ഒഴിച്ചുകൂടാൻ ആവാത്തതാണ് എന്നത് ഇതിൽ നിന്ന് വ്യക്തമാണ്.

ഇനിയും ഇന്ത്യയിലെ അവസ്ഥ ഒന്ന് ചിന്തിക്കാം. ചില പ്രദേശങ്ങളിൽ എങ്കിലും ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിക്കുന്നുണ്ട്. ക്രിസ്തുവിലൂടെയുള്ള രക്ഷയെ ഊന്നിപ്പറയുന്ന സുവിശേഷകരുടെയും പ്രേക്ഷിത പ്രവർത്തകരുടെയും ശ്രമവും, ദൈവത്തിന്റെ അത്ഭുത പ്രവർത്തികളുടെ പ്രകടനവും മൂലമാണ് ഇത് സംഭവിക്കുന്നത്. ഇപ്രകാരം പ്രവർത്തിക്കുന്ന സുവിശേഷകന്മാരുടെയും പ്രവാചകന്മാരുടെയും കാലടികളെ പിന്തുടർന്ന് ആ ദേശങ്ങളിൽ താമസിച്ച് അവരെ പരിപാലിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ഇടയന്മാരെയും ശരിയായ പത്ഥ്യോപദേശവും ദൈവവചന പ്രകാരമുള്ള ജീവിതശൈലിയും പഠിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെയും (teachers) സഭയ്ക്ക് ആവശ്യമാണ് (എഫെസ്യർ 4 :11)

വ്യത്യസ്ത സംസ്കാരങ്ങൾ പാലിക്കുന്ന ജനത്തെ മുഴുവൻ നമുക്ക് ഇഷ്ടമുള്ള സംസ്കാരത്തിലേക്ക് നയിക്കുകയല്ല ക്രിസ്തീയ ദൗത്യം. പുതിയ നിയമ ഉപദേശത്തിന് വിപരീതമല്ലാത്ത സംസ്കാരമൂല്യങ്ങളെ നാം അംഗീകരിക്കണം. എന്നാൽ യേശുക്രിസ്തുവിൽ കൂടി വെളിപ്പെടുത്തപ്പെട്ട ദൈവം മാത്രമാണ് ദൈവം എന്നും യേശുവിൽ കൂടെ മാത്രമാണ് ആത്മരക്ഷയും നിത്യജീവനും എന്നുമുള്ള പ്രാഥമിക തത്വത്തിൽ വെള്ളം ചേർക്കുവാൻ പാടില്ല. കർത്താവ് സൗഖ്യമാക്കുന്നവനാണ്. എന്നാൽ പ്രാർത്ഥിച്ചിട്ട് പ്രതീക്ഷിച്ച രീതിയിലുള്ള സൗഖ്യം ലഭിക്കാതെ വന്നാൽ മെഡിക്കൽ ഡോക്ടറുടെയും മരുന്നിന്റെയും സഹായം തേടുന്നതിനെ എതിർക്കേണ്ടതില്ല. അതേസമയം മന്ത്രവാദികളെ സമീപിക്കുന്നതും പൈശാചിക ശക്തികളോട് പ്രാർത്ഥിക്കുന്നതും വചനവിരുദ്ധമായ ദുരാചാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ക്രിസ്തീയ പ്രമാണത്തിന് വിരുദ്ധമാണ്.

കുറെ പേരെങ്കിലും ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നത് താൽക്കാലിക ഗുണങ്ങൾക്ക് വേണ്ടിയാണ്. രോഗസൗഖ്യം, സാമ്പത്തികം, നല്ല വിദ്യാഭ്യാസം, ജോലി. നല്ല വിവാഹം ലഭിക്കുമെന്ന വാർത്ത കേൾക്കുമ്പോൾ അതിൽ ആകൃഷ്ടരാകുന്നു. നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റുവാൻ ദൈവം പ്രാപ്തനാണ്. അത്ഭുതകരമായ രോഗസൗഖ്യമുൾപ്പെടെ പല പ്രതിസന്ധികളിൽ നിന്നും വിടുതൽ പ്രാപിച്ച ധാരാളം ഉദാഹരണങ്ങൾ ബൈബിളിൽ ഉണ്ട്. നമ്മിൽ പലരും അത് അനുഭവിച്ചിട്ടുണ്ട്. എന്നാൽ ഇതിനൊന്നും വേണ്ടി അല്ല ഒരാൾ തങ്ങളുടെ പാരമ്പര്യവിശ്വാസങ്ങളെയും ആചാരങ്ങളെയും ഉപേക്ഷിച്ച് ക്രിസ്തുമാർഗ്ഗത്തിലേക്ക് വരേണ്ടത്. പിന്നെയോ യേശുവിൽ കൂടി മാത്രം ലഭിക്കുന്ന ആത്മരക്ഷയ്ക്കു വേണ്ടിയാണ്. ലൗകികജീവിതത്തെക്കുറിച്ചുമാത്രമാണ് നാം ക്രിസ്തുവിൽ പ്രത്യാശ വെയ്ക്കുന്നതെങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരാകുന്നു. മറ്റു കാര്യങ്ങൾ പ്രതീക്ഷിച്ചു വരുന്നവർ കുറെ നാളുകൾക്ക് ശേഷം നിരാശരായി മടങ്ങിപ്പോകുന്നതു സാധാരണമാണ്. അങ്ങനെയുള്ളവർ സുവിശേഷ വിരോധികളുടെ കയ്യിലെ ആയുധങ്ങളായി തീരുകയും ചെയ്തേക്കാം.

സത്യാന്വേഷികളായി നമ്മെ സമീപിക്കുന്നവരെ ഭൗതികവും ശാരീരികവുമായ നേട്ടങ്ങൾ പറഞ്ഞു പ്രലോഭിപ്പിക്കുന്നതിന് പകരം യഥാർത്ഥ ആത്മീയത എന്തെന്നും (യേശുക്രിസ്തുവിനെ അനുഗമിക്കുക അഥവാ ശിഷ്യരാവുക) അതിന് കൊടുക്കേണ്ടുന്ന വില എന്തെന്നും (തങ്ങളെ തന്നെ ത്യജിച്ച് കർത്താവ് ഏൽപ്പിക്കുന്ന ക്രൂശ് എടുത്തു കൊണ്ട് ഓരോ ദിവസവും കർത്താവിന്റെ വഴികളിൽ നടക്കുക), അതിന് ലഭിക്കുന്ന പ്രതിഫലം എന്തെന്നും (ദൈവസന്നിധ്യത്തിലുള്ള നിത്യവാസം) പറഞ്ഞ് പഠിപ്പിക്കേണ്ടത് ഒരു ശുശ്രൂഷന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണ്. ഒരാൾ ആരോഗ്യമുള്ളവനായിരിക്കണമെങ്കിൽ ശൈശവകാലം മുതൽ അതിനാവശ്യമായ ഭക്ഷണം കഴിക്കുകയും വ്യായാമം നടത്തുകയും അനാരോഗ്യകരമായ സ്വഭാവങ്ങൾ ഉണ്ടാകാതിരിപ്പാൻ ശ്രദ്ധിക്കുകയും വേണം. സഭ തടിച്ചു കൊഴുത്ത ശരീരത്തിന് പകരം ആരംഭം മുതൽ തന്നെ ആരോഗ്യമുള്ള ശരീരമായി വളരണം എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തോടെ

പ്രവർത്തിച്ചാൽ ദൈവാത്മപ്രേരിതരായി കുറേപ്പർ മാനസാന്തരപ്പെടും. താൽക്കാലിക നേട്ടം നോക്കി കുറെ ഏറെ പേർ ക്രിസ്തീയ ജീവിതത്തിലേക്ക് വന്നിട്ട്, ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവരുമ്പോൾ പിന്തിരിഞ്ഞു പോകുന്നതിനേക്കാൾ നല്ലത് പുതിയനിയമപ്രകാരം മാനസാന്തരം ഉണ്ടാകുന്ന കുറച്ചു പേരെ കിട്ടുന്നതല്ലേ?

ശിഷ്യത്വത്തിന്റെ അഭാവം ആഫ്രിക്കൻ സഭകളെയോ പാശ്ചാത്യ സഭകളെയോ നാമധേയ ക്രിസ്ത്യാനികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരെയോ മാത്രം ബാധിക്കുന്ന പ്രശ്നമല്ല.നൂറുവർഷത്തിൽ കൂടുതൽ പാരമ്പര്യം പറയുന്ന ആത്മീയ അനുഭവങ്ങളിൽ മുൻപന്തിയിൽ എന്ന് അഭിമാനിക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനങ്ങളെയും, അത്ഭുതങ്ങളും അടയാളങ്ങളും തങ്ങളുടെ കൂടിവരവിൽ നടക്കുന്നതിൽ തൃപ്തിപ്പെട്ടു കഴിയുന്നവരെയും ബാധിക്കുന്ന ഒരു പ്രശ്നമാണ്. ശിഷ്യത്വത്തിന്റെ ആരംഭം സുവിശേഷം സ്വീകരിച്ച് ക്രിസ്തുവിൽ വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നതാണ്. എന്നാൽ ശിഷ്യനായി നിലനിൽക്കണമെങ്കിൽ യേശുവിനെ കർത്താവായി അംഗീകരിച്ച് അവിടുന്ന് കല്പിച്ചതൊക്കെയും പ്രമാണിക്കണം (മത്തായി 5 :19, 20).

പഴയനിയമപ്രമാണങ്ങൾ എല്ലാം ക്രോഡീകരിച്ച് 613 ചട്ടങ്ങളാക്കി അവയൊക്കെ എല്ലാവരും പാലിക്കുന്നുണ്ടോ എന്നതിൽ ആയിരുന്നു പരീശന്മാരുടെ ശ്രദ്ധ. അതുപോലെ വേദപുസ്തകത്തിലെ ഏതെങ്കിലും വാക്യങ്ങൾ എടുത്ത് അവയിൽ നിന്ന് ചില കാര്യങ്ങൾ അടിസ്ഥാന ഉപദേശമെന്ന് പഠിപ്പിച്ചിട്ട് അതിൽ പറഞ്ഞിരിക്കുന്ന കർമ്മങ്ങൾ പാലിക്കുന്നതിൽ തൃപ്തിപ്പെട്ട് കഴിയുന്നവർ കർത്താവ് പഠിപ്പിച്ചതൊക്കെയും പാലിക്കുന്നതിലും പഠിപ്പിക്കുന്നതിലും ശ്രദ്ധിച്ചാൽ മാത്രമേ ശിഷ്യരാവുകയുള്ളൂ. വിശ്വാസസമൂഹം ആരോഗ്യവും സ്ഥിരതയും ഉള്ളവർ ആവുകയുള്ളൂ. യേശു പഠിപ്പിച്ചതും മാതൃക കാണിച്ചതും, അപ്പോസ്തലന്മാർ ഊന്നൽ കൊടുത്തതും, സ്നേഹം, ക്ഷമ, താഴ്മ, വിശുദ്ധി, നിർമ്മലത, മുതലായ ആന്തരിക ഗുണങ്ങൾക്കും തന്മൂലം ഉണ്ടാകുന്ന വിനയം, അനുസരണം, അംഗീകാരം മുതലായ പരസ്പര ബന്ധങ്ങൾക്കും ആണ്. അത് ഉൾക്കൊള്ളുന്നവർ സ്നേഹത്തിൽ അധിഷ്ഠിതമായ സുവിശേഷീകരണത്തിൽ ഏർപ്പെടുന്നു. ക്രിസ്തു കാണിച്ച മനോഭാവത്തോടെ കഷ്ടങ്ങളെ നേരിടുന്നു. തങ്ങളെ എതിർക്കുന്നവരെ വാളും തോക്കും ഉപയോഗിച്ചല്ല, പരിശുദ്ധാത്മ നിറവുള്ളവരായി, ആത്മീയ പോരാട്ടത്തിലൂടെ തോൽപ്പിച്ച് ജയാളികളാകുകയാണ് വേണ്ടത്.

ക്രിസ്തീയതയുടെ ബദ്ധവൈരിയായിരുന്ന ശൗലിനു ക്രിസ്തു വെളിപ്പെട്ട് അദ്ദേഹത്തെ രൂപാന്തരപ്പെടുത്തി അപ്പോസ്തലനാക്കി അന്ത്യശ്വാസം വരെയും വിശ്വസ്തതയോടെ ശുശ്രൂഷിക്കാൻ പ്രാപ്തനാക്കി. ദൈവസഭയുടെ നിലനിൽപ്പിനായി ഇത്തരത്തിൽ ശിഷ്യന്മാരെ വാർത്തെടുക്കേണ്ടത് കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്.

•

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**• ചിലരുടെ വരിസംഖ്യ അവരുടെ സ്നേഹിതരോ ബന്ധുക്കളോ സ്പോൺസർ ചെയ്തതാണ്. അങ്ങനെയുള്ളവർ ഓഫീസിൽ അന്വേഷിച്ചു കുടിശ്ശിക എത്രയെന്നു ബോധ്യപ്പെട്ട ശേഷം വരിസംഖ്യ പുതുക്കി ഈ ശുശ്രൂഷയിൽ പങ്കാളികളാകണമെന്നു വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. പേജ് 31 ൽ ബാങ്ക് ഡീറ്റെയിൽസും QR കോഡും നൽകിയിട്ടുണ്ട്.**

**• ചിലർ വരിസംഖ്യ പുതുക്കുമ്പോൾ കുടിശ്ശിക പരിഗണിക്കാതെ പിൻവർഷങ്ങളിലെ കുടിശ്ശിക നിലനിർത്തിക്കൊണ്ടു തന്നാണ്ടിലെ വരിസംഖ്യ മാത്രം അടയ്ക്കുന്നു. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ഓഫീസിൽ അന്വേഷിച്ചാൽ ലഭ്യമാണ്.**

**• അഡ്രസ്സിൽ മാറ്റം വരുന്ന പക്ഷം വൈകാതെ തന്നെ പുതിയ അഡ്രസ് ID നമ്പർ സഹിതം ഓഫീസിൽ അറിയിച്ചാൽ (9495435336 വാട്സ്ആപ്) വേണ്ട മാറ്റങ്ങൾ വരുത്തുവാൻ കഴിയും.**

**• വരിസംഖ്യ എല്ലാവരും പൂർണ്ണമായി അടച്ചാൽ പോലും അത് ചെലവുകൾക്ക് അപര്യാപ്തമാണ്. സുമനസ്സുകളുടെ സഹായത്താലാണ് കാര്യങ്ങൾ നടന്നുവന്നിരുന്നത്. സാമ്പത്തീക മാന്ദ്യം അവിടെയും ദോഷമായി ബാധിച്ചിരിക്കുന്നു. ദയവായി പ്രാർത്ഥനയോടെ സഹകരിക്കുക.**



സാജൻ തമ്പി

# ഹൃദയത്തിൽ കർത്താവിന് കീർത്തനം ചെയ്തും...

**ക്രൈ**സ്തവ ആരാധനയിലും ശുശ്രൂഷയിലും കീർത്തനങ്ങൾക്കും ആത്മീക ഗീതങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. പൗലോസ് അപ്പോ സ്തലൻ തന്റെ ലേഖനങ്ങളിൽ ഇതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വിശുദ്ധന്മാർക്ക് ഉൾക്കാഴ്ച നൽകാൻ ശ്രമിക്കുന്നുണ്ട്. ഒരുമിച്ചുള്ള കൂടി വരവുകളിൽ മാത്രമല്ല ഓരോ ദൈവപൈതലിന്റെയും വ്യക്തിപരമായ ജീവിതത്തിലും ക്രിസ്തീയ ഗാനങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. എഫേസ്യലേഖനം 5:18 - 21 ൽ നാം വായിക്കുന്നു 'വീഞ്ഞ് കുടിച്ച് മത്തരാകരുത്. അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവും ആയവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ'

കൊലോസ്യലേഖനം 3:16 ൽ നാം വായിക്കുന്നു: 'സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ'. വീണ്ടും ജനിച്ച ഒരു ദൈവ പൈതലിന്റെ വിശ്വാസ ജീവിതം ഉള്ളിൽ നിന്നും പുറത്തേക്ക് ബഹിർഗമിക്കുന്ന ഒന്നാണ്. പുറമെ നിന്നുള്ള സ്വാധീനങ്ങൾക്ക് സ്ഥായിയായിട്ടുള്ള ആന്തരിക പ്രവർത്തികൾ ചെയ്യുന്നതിന് പരിമിതികളുണ്ട്. മനുഷ്യരെ ദൈവഭക്തരാക്കുന്നതും, മറ്റു ചിലരെ അഭക്തരാക്കുന്നതും യഥാർത്ഥത്തിൽ പുറമെനിന്ന് വരുന്ന സ്വാധീനങ്ങൾ അല്ല. നല്ല വൃക്ഷം നല്ലഫലങ്ങളും ചീത്ത വൃക്ഷം ചീത്ത ഫലങ്ങളും പുറപ്പെടുവിക്കും. അകമെനിന്ന് പുറപ്പെടുന്നതാണ് നമ്മെ അശുദ്ധനോ വിശുദ്ധനോ ആക്കുന്നത്. ശമരിയാക്കാരി സ്ത്രീയോട് കർത്താവ് സംസാരിച്ചത് ശ്രദ്ധിച്ചാലും.

യോഹന്നാൻ 4:12 ൽ നാം വായിക്കുന്നു: 'ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും'.ഉള്ളിലെ ജീവജലത്തിന്റെ ഉറവുകളിൽ നിന്നും പുറപ്പെടുന്നതാണ് യഥാർത്ഥത്തിലുള്ള നമ്മുടെ ജീവിതവും ശുശ്രൂഷയും. യേശുകർത്താവ് ആ സ്ത്രീയോട് തുടർന്ന് പറയുന്നു:

'നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലും അല്ല, യെരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം' ആരാധനയും, സ്തുതി സ്തോത്രങ്ങളും സങ്കീർത്തനങ്ങളും ജീവിതവും ശുശ്രൂഷയുമെല്ലാം ഒരു സമയത്ത് സ്ഥലകാലങ്ങളും സമയങ്ങളുമായിട്ടൊക്കെ ബന്ധപ്പെട്ടിരുന്നു. വീണ്ടെടുപ്പിന്റെ പ്രവർത്തിയോടെ ഇതിനുള്ള ഇടവും സ്ഥാനവും മറ്റൊരിടത്തേക്ക് മാറ്റപ്പെട്ടു.

'നിവൃത്തിയായി' എന്നു പറഞ്ഞു ക്രിസ്തു ക്രൂശിൽ തന്റെ പ്രാണനെ വിട്ട് ആത്മാവിനെ ഏൽപ്പിച്ചു കൊടുത്തപ്പോൾ മന്ദിരത്തിലെ തിരശ്ശില മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി. അതിവിശുദ്ധ സ്ഥലത്തേക്കുള്ളപ്രവേശനം സാധ്യമാക്കി തീർത്തു. കൂടാരപ്പെരുന്നാളിന്റെ അവസാന ദിവസം ദൈവാലയത്തിൽ നിന്നുകൊണ്ട് യേശു 'ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു (innermost being) തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു' (Ephesians 7:36, 38). സകലതും നിവർത്തിയായി മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ കർത്താവ് നിത്യജീവനും അക്ഷയതയും നമുക്ക് ലഭ്യമാക്കിത്തീർത്തു. 'അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചിരുന്ന' നമ്മുടെ ആത്മാവ് പാപമോചനത്തിലൂടെ ജീവിപ്പിക്കപ്പെട്ടു. ജീവിപ്പിക്കപ്പെട്ട ആത്മാവിൽ പരിശുദ്ധാത്മാവ് അധിവസിച്ച് നമ്മെ സകല സത്യത്തിലേക്കും നടത്തുന്നു. ക്രിസ്തുവിലുള്ള സത്യത്തിൽ, നമ്മെ നടത്തുകയും വളർത്തുകയും ചെയ്യുന്നു.

നമ്മെ ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിലിരുത്തുകയും ചെയ്തു. (Ephesians 2:7). ആത്മികമായി നമ്മെ ഇരുത്തിയിരിക്കുന്നത് ക്രിസ്തുയേശുവിൽ സ്വർഗ്ഗസ്ഥലത്താണ്. ജീവനുള്ള പ്രത്യാശ നമ്മെ പ്രവേശിപ്പിക്കുന്നത് മഹാപുരോഹിതനായ യേശുക്രിസ്തു ആയിരിക്കുന്ന തിരശീലക്കകത്തേക്കാണ് (Hebrews 6:19,20). ഒരു ദൈവപൈതലിന്റെ ഉള്ളം (innermost being), അകത്തെ മനുഷ്യൻ (inner man), പുതിയ മനുഷ്യൻ (new man) പരിശുദ്ധാത്മാവിന് അധിവസിക്കുവാനും പ്രവർത്തിക്കാനും ഉള്ള അതിപരിശുദ്ധ സ്ഥലമാണ്. ഇപ്രകാരം ദൈവത്തിന്റെആത്മാവ് അധിവസിക്കുന്ന നമ്മുടെ ആത്മാവിൽ നിന്നും നമ്മുടെ ഹൃദയത്തിൽ നിന്നുമാണ് ജീവനും, ജീവിതവും , ആരാധനയും ശുശ്രൂഷയും എല്ലാം പ്രായോഗികതലത്തിൽ വെളിപ്പെടേണ്ടത്. പുതിയ നിയമ വ്യവസ്ഥിതിയുടെ ഈ വെളിച്ചത്തിൽ വേണം നാം സങ്കീർത്തനങ്ങളും കീർത്തനങ്ങളും ആത്മീക ഗീതങ്ങളും എങ്ങനെ ആത്മികവർദ്ധനവിന് ഇടയായിത്തീരുന്നതെന്ന് മനസ്സിലാക്കേണ്ടത്. ഇത് എങ്ങനെയെന്ന് വ്യക്തമാകുന്നതിന് മുൻ ഉദ്ധരിച്ച വേദഭാഗങ്ങളിൽ നിന്നും ചില ആത്മീക സത്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം. എങ്കിൽ മാത്രമേ സങ്കീർത്തനങ്ങളും കീർത്തനങ്ങളും ആത്മീക ഗീതങ്ങളുംആത്മീക വർദ്ധനവിനും സഭയുടെ കെട്ടുപണിക്കും ഇടയായിത്തീരുകയുള്ളൂ.

**1)** 'തമ്മിൽ സംസാരിച്ചും' 'തമ്മിൽ പഠിപ്പിച്ചും' 'തമ്മിൽ ബുദ്ധിപദേശിച്ചും' എന്നുള്ളത് തമ്മിൽ തമ്മിലുള്ള കൂട്ടായ്മയെ കാണിക്കുന്നു. പരസ്പരം ആത്മിക വർദ്ധനവിന് ഉതകുന്ന നിലയിൽ, ആത്മിക പരിജ്ഞാനം പകരുന്ന നിലയിൽ, സ്തുതിയും സ്തോത്രങ്ങളും ആയിത്തീരണം. തമ്മിൽ തമ്മിൽ സംസാരിച്ചും ബുദ്ധിയുപദേശിച്ചും എന്നുള്ളത് തന്നോട് തന്നെ സംസാരിച്ചും ബുദ്ധിയുപദേശിച്ചും (speaking to oneself) എന്നും തർജ്ജിമ ചെയ്യാവുന്നതാണ്. അതിനർത്ഥം സങ്കീർത്തനങ്ങളും ആത്മിക ഗീതങ്ങളും വ്യക്തിപരമായ ആത്മികവർദ്ധനവിന് പ്രയോജനപ്പെടുമെന്നാണ്.

**2)** ആത്മാവിൽ നിരന്തരം നിറഞ്ഞു പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ടും അനുസരിച്ചുമുള്ള ജീവിതത്തിൽ നിന്നും ഉളവാകേണ്ടതാണ് സ്തുതികളും സ്തോത്രങ്ങളും ആരാധനയും. ആത്മിക ഗീതങ്ങൾ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ആലപിക്കേണ്ടതാണ്. പരിശുദ്ധാത്മാവിൽ നിറഞ്ഞ് ആത്മാവിനെ അനുസരിച്ച് നടക്കുമ്പോൾ ഗീതങ്ങൾ ആത്മിക ഗീതങ്ങളായി പാടുവാനായി കഴിയും. ലോകത്തിന്റെ ആത്മാവിൽ നിന്നും ചിന്തകളിൽ നിന്നും നിരന്തരം മനസ്സു പുതുക്കി രൂപാന്തരപ്പെടേണ്ടതാണ്.

**3)**ഇതു നന്ദി നിറഞ്ഞ ഹൃദയത്തിൽ നിന്നും

ഉത്ഭവിക്കേണ്ടതാണ്. തിരുവചനത്തിൽ നാം വായിക്കുന്നു: സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലിയ ആദായമാകുന്നു. അസംതൃപ്തിയുള്ള ഹൃദയത്തിൽ നിന്നും ദൈവത്തിന് കീർത്തനം ചെയ്‌വാൻ കഴികയില്ല. അനാവശ്യ വിമർശനങ്ങൾ ഹൃദയത്തിൽ കൊണ്ടുനടക്കുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തിൽ നിന്നും കർത്താവിന് കീർത്തനം ചെയ്യാൻ കഴികയില്ല. പിന്നീട് ഉള്ളിൽ നിന്നും പുറത്തേക്ക് വരുന്നത് യാന്ത്രിക പ്രകടനങ്ങൾ ആയിരിക്കും.

**4)** ആരാധനയും കീർത്തനങ്ങളും ഗാനങ്ങളും ഹൃദയത്തിൽ നിന്നാണുളവാകേണ്ടത്. രാഗം, താനം, പല്ലവി ഇതെല്ലാം ഹൃദയത്തിൽ നിന്നും, സംഗീതം ഹൃദയത്തിലെ ആത്മിക വാദ്യോപകരണങ്ങളിൽ നിന്നും പുറപ്പെടേണ്ടതാണ്. ആരാധനയും ഗാനങ്ങൾ ആലപിക്കുന്നതും ഒരു പ്രകടനം അല്ല. ഹൃദയത്തിലെ ആത്മിക വാദ്യോപകരണങ്ങളാൽ തന്ത്രിനാദങ്ങളാൽ നടക്കേണ്ടുന്ന ആത്മീക പ്രവർത്തിയാണിത്. ഹൃദയത്തിന്റെ ഭാഷയിൽ ഹൃദയ വേദിയിൽ അരങ്ങേറുന്ന ഒന്നാണിത്. എഫെസ്യ ലേഖനം 5:19 ൽ നാം വായിക്കുന്ന ഹൃദയത്തിൽ കർത്താവിന് കീർത്തനം ചെയ്തും എന്നുള്ളത് making melody in your heart എന്നാണ് ഇംഗ്ലീഷിൽ. തന്ത്രിനാദം എന്നത്, തന്ത്രി വാദ്യോപകരണങ്ങളിൽ (Stringed Instruments) കാര്യങ്ങൾ ചലിപ്പിച്ചു പുറപ്പെടുവിക്കുന്ന നാദം എന്നാണർത്ഥം.

**5)** ദൈവ സന്നിധിയിൽ അർപ്പിക്കപ്പെടുന്നതാണ് യഥാർത്ഥ ആരാധന. ദൈവത്തോടുള്ള ആത്മബന്ധത്തിൽ ചെയ്യേണ്ട ഒന്നാണിത്. ദൈവഭക്തന്മാർ തമ്മിൽ തമ്മിൽ സംസാരിച്ചു, യഹോവ ശ്രദ്ധയോടെ കേട്ടു എന്ന് നാം വായിക്കുന്നു. ത്രിയേക ദൈവത്തോട് ചേർന്നാണ് വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ ഈ ആലാപനം നടത്തേണ്ടത്. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പിൻ(Eph 5:21). അന്യോന്യം കർത്തൃത്വവും അധികാരവും നടത്തുമ്പോൾ തമ്മിൽ തമ്മിൽ സംസാരിച്ചും ബുദ്ധിയുപദേശിച്ചും എന്നുള്ളത് അസാധ്യമായിത്തീരുന്നു.

**6)** ക്രിസ്തുവിന്റെ വചനം സമൃദ്ധിയായി സകല ജ്ഞാനത്തോടും കൂടെ നമ്മിൽ വസിക്കുവാൻ ഇടയായിത്തീരും. പുതിയനിയമ വ്യവസ്ഥിതിയിൽ പരിശുദ്ധാത്മാവ് വചനത്തെ നമ്മുടെ ഉള്ളിലാക്കുന്നു, ഹൃദയത്തിൽ എഴുതുന്നു (Jeremiah 31:33). പുതിയ ഹൃദയം നൽകി

**ഡി എൽ മൂഡിയോടൊപ്പം സുവിശേഷ യോഗങ്ങളിൽ സാങ്കിയുടെ ഗാനശുശ്രൂഷകൾ അനേകരെ മാനസാന്തരത്തിലേക്ക് നടത്തുവാൻ ഇടയാക്കി. മൂഡിയുടെ സുവിശേഷ പ്രഭാഷണങ്ങൾക്കായി കേൾവിക്കാരുടെ ഹൃദയങ്ങളെ പാകപ്പെടുത്തി ഒരുക്കിയത് സാങ്കിയുടെ ഗാന ശുശ്രൂഷകൾ ആണ്. ശക്തമായ ഉണർവുകൾ പൊട്ടിപ്പുറപ്പെടുവാൻ ഇടയായി.**

ആത്മാവിനെ ഉള്ളിലാക്കി ചട്ടങ്ങളിൽ നടക്കുമാറാക്കും (Ezekkiel 36:26, 27). കൊലോസ്യലേഖനം 3:16 ൽ നാം കാണുന്നത്: ദൈവവചനം, അത് സഭായോഗങ്ങളിൽ ശുശ്രൂഷിക്കപ്പെടുമ്പോഴായാലും വ്യക്തിപരമായ ജീവിതത്തിലായാലും, അതിന്റെ സമൃദ്ധിയും പൂർത്തീകരണവും നടക്കുന്നത് ഹൃദയത്തിൽ നിന്നും ആവിർഭവിക്കുന്ന സങ്കീർത്തനങ്ങളും കീർത്തനങ്ങളും ആത്മിക ഗീതങ്ങളും കൂടിച്ചേരുമ്പോഴാണ്.

വചന പഠനവും ശുശ്രൂഷയും ആത്മിക ഗീതങ്ങളും പരസ്പര പൂരകങ്ങളായി തീരുമ്പോഴാണ് ദൈവീകോദ്ദേശ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിച്ചേരുന്നത്. വചനത്തിനുവേണ്ടി ഹൃദയങ്ങളെ ഒരുക്കുന്ന ഒരു ആത്മിക പ്രവർത്തി ഇതിലൂടെ പരിശുദ്ധാത്മാവ് ചെയ്യുന്നു. ഈ മനോഭാവത്തിലും ആത്മാവിലും ആണ് നാം സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നത് എങ്കിൽ വ്യക്തിജീവിതത്തിലും കൂടിവരവുകളിലും ദൈവസാന്നിധ്യവും ഉണർവും ഒരു യാഥാർത്ഥ്യമായി തീരും. പാപബോധവും അനുതാപവും അർപ്പണവും നമ്മിൽ വലിയ തോതിൽ വ്യാപരിക്കാൻ തുടങ്ങും. ഡി എൽ മൂഡിയോടൊപ്പം സുവിശേഷ യോഗങ്ങളിൽ സാങ്കിയുടെ ഗാനശുശ്രൂഷകൾ അനേകരെ മാനസാന്തരത്തിലേക്ക് നടത്തുവാൻ ഇടയാക്കി. മൂഡിയുടെ സുവിശേഷ പ്രഭാഷണങ്ങൾക്കായി കേൾവിക്കാരുടെ ഹൃദയങ്ങളെ പാകപ്പെടുത്തി ഒരുക്കിയത് സാങ്കിയുടെ ഗാന ശുശ്രൂഷകൾ ആണ്. ശക്തമായ ഉണർവുകൾ പൊട്ടിപ്പുറപ്പെടുവാൻ ഇടയായി. ഇപ്രകാരം ആത്മനിറവും ചൈതന്യവും ഉള്ള വ്യക്തിജീവിതങ്ങളും പ്രാദേശിക സഭകളും എഴുന്നേൽക്കുമാറാകട്ടെ. ●



സുജ വിനു



# സ്ത്രീയെ നീ കരയുന്നതെന്തിന്?

*'അവൾ പുറപ്പെട്ടുപോയി ബേർശേബ മരുഭൂമിയിൽ ഉഴന്നുനടന്നു. തുരുത്തിയിലെ വെള്ളം ചെലവായശേഷം അവൾ കുട്ടിയെ ഒരു കുറുങ്കാട്ടിൻ തണലിൽ ഇട്ടു. അവൾ പോയി അതിനെതിരേ ഒരു അമ്പിൻപാടു ദൂരത്തിരുന്നു: കുട്ടിയുടെ മരണം എനിക്കു കാണേണ്ടാ എന്നു പറഞ്ഞ് എതിരേ ഇരുന്ന് ഉറക്കെ കരഞ്ഞു. ദൈവം ബാലന്റെ നിലവിളി കേട്ടു; ദൈവത്തിന്റെ ദൂതൻ ആകാശത്തുനിന്നു ഹാഗാറിനെ വിളിച്ച് അവളോട്: ഹാഗാറേ, നിനക്ക് എന്ത്? നീ ഭയപ്പെടേണ്ടാ; ബാലൻ ഇരിക്കുന്നേടത്തുനിന്ന് അവന്റെ നിലവിളി ദൈവം കേട്ടിരിക്കുന്നു. നീ ചെന്നു ബാലനെ താങ്ങി എഴുന്നേല്പിച്ചുകൊൾക; ഞാൻ അവനെ ഒരു വലിയ ജാതിയാക്കും എന്ന് അരുളിച്ചെയ്തു. ദൈവം അവളുടെ കണ്ണു തുറന്നു; അവൾ ഒരു നീരുറവു കണ്ടു, ചെന്നു തുരുത്തിയിൽ വെള്ളം നിറച്ചു ബാലനെ കുടിപ്പിച്ചു' (ഉല്പത്തി 21: 15 - 19)*

ഒരു സ്ത്രീ, അമ്മയാകുമ്പോൾ അവളുടെ വ്യക്തിത്വത്തിന് വലിയൊരു മാറ്റം സംഭവിക്കുന്നു, തന്നിൽ നിന്ന് പുറപ്പെട്ടു വന്ന ആ ജീവനോട് താദാത്മ്യപ്പെട്ട ഒരു സ്വഭാവം അവളിൽ രൂപം കൊള്ളുന്നു. തന്റെ ഇഷ്ടങ്ങളും തെരഞ്ഞെടുപ്പുകളും എല്ലാം മക്കളുടെ ഇഷ്ടങ്ങളും തെരഞ്ഞെടുപ്പുകളുമായി മാറുന്നു. അവളുടെ ജീവിതത്തിന്റെ അർത്ഥവും അഭിമാനവും എല്ലാം ആ മക്കളെ ചുറ്റിപ്പറ്റി ഉള്ളതാകുന്നു. ഹാഗാർ, താൻ ഒരു കുഞ്ഞിനു ജീവൻ നൽകാൻ പോകുന്നു എന്നു മനസ്സിലാക്കുമ്പോൾ തന്റെ യജമാനത്തിയോടുള്ള നിന്ദ അവളിൽ രൂപപ്പെടുന്നു. സാറായ്ക്കും, ദാസിയുടെ മകൻ തന്റെ മകനോടൊപ്പം കളിക്കുമ്പോൾ അസൂയയും അരക്ഷിതത്വവും ഉണ്ടാവുന്നു. പലപ്പോഴും ഈ അതിരുകവിഞ്ഞ മക്കൾ സ്നേഹം, മാതൃത്വം എന്ന സവിശേഷതയുടെ അനുഗ്രഹത്തെ അന്ധമാക്കിക്കളയുന്നു. തന്റെ ജീവിതത്തിലും മക്കളുടെ ജീവിതത്തിലും ദൈവത്തിൻെറ ഹിതത്തെ കാണാനാവാത്ത വിധം, ഈ അന്ധത കണ്ണുകളെ മൂടിക്കളയുന്നു.

ഹാഗാർ, നമ്മൾ കണ്ട, ബൈബിൾ സന്ദർഭത്തിൽ ഈ അന്ധതയുടെ ഉത്തമ നിദാനമായി പ്രത്യക്ഷപ്പെടുന്നു. യജമാനത്തിയിൽ നിന്ന് ഓടിപ്പോകുമ്പോൾ, അവൾ സർവ്വശക്തനായ ദൈവത്തെ കണ്ടുമുട്ടിയതാണ്. തന്റെ പുത്രനെപ്പറ്റിയുള്ള ദൈവത്തിൻെറ പദ്ധതികളും വാഗ്ദത്തങ്ങളും സ്വന്തം ചെവികൊണ്ട് കേട്ടതാണ്. യഹോവ നിന്റെ സങ്കടം കേൾക്ക കൊണ്ട് നീ അവന് യിശ്മായേൽ എന്നു പേരിടണം എന്ന് അരുളപ്പാട് ലഭിച്ചതാണ്. കാട്ടുകഴുതയെ പോലെ കരുത്തുള്ള ഒരുത്തനായിരിക്കും അവനെന്ന് ദൈവം അവളോട് പറഞ്ഞതാണ്. 'ദൈവമേ നീ എന്നെ കാണുന്നു' എന്ന് അവൾ ഏറ്റുപറയുകയും ആ സ്ഥലത്തിന് 'ബേർലഹയീരോയീ' എന്നു പേരിടുകയും ചെയ്യുന്നു.

എന്നാൽ ഈ ദൈവികദർശനവും ഏറ്റുപറച്ചിലും ബോധ്യവും ഒന്നും അടുത്ത പ്രതിസന്ധിഘട്ടത്തിൽ അവളെ സഹായിക്കുന്നില്ല. അവളുടെ ശ്രദ്ധയും ചിന്തയും ബുദ്ധിയുമെല്ലാം മകനിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. തന്നെ കാണുന്നവനിലേക്ക് കണ്ണുകൾ ഉയർത്താൻ അവൾക്കു

ഹാഗാറിന്റെ കരച്ചിലിനേക്കാൾ ഗുണകരമായ ഒരു കരച്ചിൽ പുതിയനിയമത്തിൽ നമുക്ക് മാതൃകയായുണ്ട്. യോഹന്നാന്റെ സുവിശേഷം 20 : 11 മുതൽ 13 വരെയുള്ള വേദഭാഗത്തു നാം കാണുന്ന ഒരു കരച്ചിൽ. 'എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്ത് കരഞ്ഞു കൊണ്ടുനിന്നു. കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞു നോക്കി. യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലയ്ക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നത് കണ്ടു. അവർ അവളോട് 'സ്ത്രീയെ, നീ കരയുന്നതു എന്ത്'എന്ന് ചോദിച്ചു. 'എന്റെ കർത്താവിനെ എടുത്തു കൊണ്ടു പോയി, അവനെ എവിടെ വച്ചു എന്ന് ഞാൻ അറിയുന്നില്ല' എന്ന് അവൾ അവരോടു പറഞ്ഞു.

'എൻെറ കർത്താവിനെ കാണുന്നില്ല' എന്നതാണ് അവളുടെ കരച്ചിലിനും തിരച്ചിലിനും നിദാനമായിട്ടുള്ളത്. മരിച്ച് അടക്കപ്പെട്ട ഒരുവനിൽ പിന്നെയും പ്രത്യാശിക്കുന്ന കരച്ചിൽ. തന്നിൽ നിന്ന് ഏഴു ഭൂതങ്ങളെ പുറത്താക്കിയവനായി, താനറിഞ്ഞ ദൈവപുത്രനു വേണ്ടിയുള്ള കരച്ചിൽ. യേശു അവളോട് ; 'സ്ത്രീയെ നീ കരയുന്നതെന്ത് എന്നു ചോദിക്കുമ്പോൾ...ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം...' എന്നാണ് അവൾ ഉത്തരം പറയുന്നത്.

മറിയയെ സംബന്ധിച്ച്, പ്രസക്തമായ ഒരു വിഷയം മാത്രമേയുള്ളൂ... എവിടെയാണ് എന്റെ ക്രിസ്തു?... ആ ആഗ്രഹതീവ്രതയ്ക്ക് പ്രതിഫലം നൽകുന്ന യേശുവിനെ നാം കാണുന്നു. അവളെ പേരു ചൊല്ലി വിളിക്കുകയും, തന്റെ സഹോദരന്മാരുടെ അടുക്കൽ പോയി അവരോട് ഈ സുവാർത്ത അറിയിക്കാനുള്ള ദൗത്യം നൽകുകയും ചെയ്യുന്നു.

നമ്മുടെ കരച്ചിൽ ഇതിൽ ഏതു ഗണത്തിൽപ്പെടുന്നു? മക്കൾക്കു വേണ്ടി കരയുമ്പോൾ പോലും, അതിലൊക്കെയും ക്രിസ്തുവിന്റെ ഹിതമന്വേഷിക്കാൻ കഴിയുന്നുണ്ടോ? ദൈവത്തിൻെറ ദർശനവും, ദൈവീക പ്രത്യാശയും നമ്മിൽ നിറയുന്നുണ്ടോ?

നമ്മെ പേരു ചൊല്ലി വിളിക്കുന്ന, തന്റെ ഉയിർപ്പിന്റെ മഹത്വത്തെ ലോകത്തോടറിയിക്കാൻ പറയുന്ന ആ സ്വരം കേൾക്കുന്നുണ്ടോ?... ശ്രദ്ധിക്കാം. ക്രിസ്തുവിനായി തീവ്രതയോടെ ആഗ്രഹിക്കാനുള്ള കൃപയാൽ നിറഞ്ഞതാവട്ടെ നമ്മുടെ കണ്ണുനീരും കരച്ചിലും .

കഴിയുന്നില്ല. പരാതിയുടെ കണ്ണീർ അവളുടെ കണ്ണുകളെ അന്ധമാക്കി. കാട്ടുകഴുതയെപ്പോലെ വളരുവാനുള്ളവൻ മരിച്ചുപോകും എന്ന് അവൾ തീർച്ചപ്പെടുത്തുന്നു. കുട്ടിയുടെ മരണം കാണാൻ വയ്യ എന്നാണ് അവൾ പറയുന്നത്. വാസ്തവത്തിൽ അവർക്കുവേണ്ടി ദൈവം ഉറവയല്ല തുറന്നത്, മറിച്ച് അവളുടെ കണ്ണുകളാണ് തുറന്നത് എന്നത് വളരെ ചിന്തനീയമാണ്.

ഈ ആധുനിക കാലത്ത്, മറ്റെല്ലാ കാലത്തേക്കാളും അധികമായി മക്കൾ മൂലമുള്ള വേദന അമ്മമാർക്ക് വർദ്ധിച്ചിരിക്കുന്നു. തങ്ങളുടെ ദൈവവിശ്വാസവും പ്രത്യാശയുമൊന്നും സഹായകമാകാത്തത് പോലെ, അമ്മമാർ തളർന്നുപോകുന്നു. ദൈവം മതിയായവനെന്ന് മറന്നുപോകുന്നു. മക്കളിൽ നിന്ന് ദൃഷ്ടി മാറ്റി കർത്താവിലേയ്ക്കു ദൃഷ്ടി ഉറപ്പിക്കാൻ അമ്മമാർക്ക് കഴിയണം. ദൈവം കരുതിയിരിക്കുന്ന നീരുറവകൾ കാണാനാവാത്ത വിധം, മക്കളോടുള്ള നമ്മുടെ അമിതസ്നേഹം നമ്മെ പ്രത്യാശാരഹിതരാക്കുന്നു.

കുഞ്ഞുങ്ങളെ ചൊല്ലി ദൈവസന്നിധിയിൽ കരയേണ്ടവർ തന്നെയാണ് അമ്മമാർ. 'ജറുസലേം പുത്രിമാരെ, നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയുമോർത്ത് കരയുവിൻ' എന്ന് യേശു പറയുന്നുണ്ടല്ലോ. 'വീഥിയുടെ തലയ്ക്കലൊക്കെയും വിശപ്പുകൊണ്ട് തളർന്നു കിടക്കുന്ന നിൻെറ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്ക് കൈമലർത്തുക' എന്ന് വിലാപങ്ങളുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു. മക്കൾക്കായി ദൈവസന്നിധിയിൽ കൈമലർത്തുമ്പോൾ, 'കർത്താവ് എന്നേയ്ക്കും തള്ളിക്കളയുകയില്ല' എന്നാണ് എഴുത്തുകാരൻ പറയുന്നത്.

നാം നിലവിളിക്കുമ്പോൾ നമ്മുടെ ദൃഷ്ടികൾ ആരിലാണ്? നമ്മുടെ പ്രത്യാശ എന്തിലാണ്? ദൈവത്തിൻെറ കരുതലിനും സ്നേഹത്തിനും വാഗ്ദത്തങ്ങൾക്കും വിരുദ്ധമായതിന്റെ പ്രദർശനമാണോ നമ്മുടെ പ്രാർത്ഥനകൾ? ദാസിയുടെ കണ്ണുകൾ യജമാനത്തിയുടെ പക്കലേക്ക് എന്നപോലെ, ആകാശവും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് കണ്ണുകൾ ഉയർത്തുവാൻ നമുക്ക് കഴിയുന്നുണ്ടോ? എന്റെ സഹായം ദൈവത്തിൽ നിന്ന് വരുമെന്ന് നമുക്ക് ഉറപ്പുണ്ടോ? ജീവിതത്തിൻെറ പിൻവഴികളിലെല്ലാം ദൈവം നടത്തിയ അത്ഭുതകരമായ വഴികളെ ഓർക്കാൻ കഴിയുന്നുണ്ടോ?



## മത്തായിയുടെ സുവിശേഷത്തിലെത്മീക മർമ്മങ്ങൾ

ജോയ് എം. തോമസ്

# ഉടമസ്ഥനെതിരെ മത്സരിക്കുന്ന കുടിയാന്മാർ

*മറ്റൊരു ഉപമ കേൾപ്പീൻ: ഗൃഹസ്ഥനായ ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി, അതിനു വേലി കെട്ടി, അതിൽ ചക്ക് കുഴിച്ചിട്ടു ഗോപുരവും പണിതു. പിന്നെ കുടിയാന്മാരെ പാട്ടത്തിന് ഏൽപ്പിച്ചിട്ട് പരദേശത്ത് പോയി. ഫലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിന് അവൻ ദാസന്മാരെ കുടിയാന്മാരുടെ അടുക്കൽ അയച്ചു. കുടിയാന്മാരോ അവന്റെ ദാസന്മാരെ പിടിച്ച്, ഒരുവനെ തല്ലി, ഒരുവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു. അവൻ പിന്നെയും മുമ്പിലത്തെതിലും അധികം ദാസന്മാരെ അയച്ചു, അവരോടും അവർ അങ്ങനെ തന്നെ ചെയ്തു. ഒടുവിൽ അവൻ: എന്റെ മകനെ അവർ ശങ്കിക്കും എന്നു പറഞ്ഞ് മകനെ അവരുടെ അടുക്കൽ അയച്ചു. മകനെ കണ്ടിട്ട് കുടിയാന്മാർ: ഇവൻ അവകാശി, വരുവിൻ, നാം അവനെ കൊന്ന് അവന്റെ അവകാശം കൈവശമാക്കുക എന്ന് തമ്മിൽ പറഞ്ഞു, അവനെ പിടിച്ച് തോട്ടത്തിൽ നിന്ന് പുറത്താക്കി കൊന്നുകളഞ്ഞു. ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോട് എന്തുചെയ്യും? അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ച് തക്കസമയത്ത് അനുഭവം കൊടുക്കുന്ന കുടിയാന്മാർക്ക് തോട്ടം ഏൽപ്പിക്കും എന്ന് അവർ അവനോടു പറഞ്ഞു. യേശു അവരോട്: 'വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ല് ആയിത്തീർന്നിരിക്കുന്നു, ഇതു കർത്താവിനാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവും ആയിരിക്കുന്നു' എന്ന് നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും, അത് ആരുടെ മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു. അവന്റെ ഉപമകളെ മഹാപുരോഹിതന്മാരും പരീശരും കേട്ടിട്ട്, തങ്ങളെക്കൊണ്ട് പറയുന്നു എന്നറിഞ്ഞ് അവനെ പിടിക്കുവാൻ അന്വേഷിച്ചു. എന്നാൽ പുരുഷാരം അവനെ പ്രവാചകൻ എന്ന് എണ്ണുക കൊണ്ട് അവരെ ഭയപ്പെട്ടു (മത്തായി 21: 33 - 46).*

'മറ്റൊരു ഉപമ കേൾപ്പീൻ' എന്നു പറഞ്ഞ് മഹാപുരോഹിതന്മാരോടും യഹൂദാജനത്തിന്റെ മൂപ്പന്മാരോടും യേശുകർത്താവു പറഞ്ഞ ഈ ഉപമ അവരുടെ ഹൃദയകാഠിന്യവും മത്സര സ്വഭാവവും തുറന്നുകാട്ടുവാൻ ആയിരുന്നു. മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയ ഉടമസ്ഥൻ പിതാവായ ദൈവത്തെ പ്രതിനിധീകരിക്കുന്നു. കുടിയാന്മാർ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും പ്രമാണികളും അടങ്ങിയ യഹൂദ നേതൃത്വത്തെ കാണിക്കുന്നു, മുന്തിരിത്തോട്ടം ദൈവജനത്തെയും.

ഉടമകൾ തങ്ങളുടെ കൃഷിത്തോട്ടങ്ങൾ സംരക്ഷിക്കുന്നതിനും കൃഷി ചെയ്യുന്നതിനും കുടിയാന്മാരെ ഏൽപ്പിക്കുന്നത് അന്ന് പലസ്തീനിൽ നിലനിന്നിരുന്ന കാര്യമായിരുന്നു. അതുകൊണ്ടുതന്നെ വേഗത്തിൽ അവർക്ക് മനസ്സിലാകുന്ന ഒരു ഉപമയായിരുന്നു ഇത്. ഉപമയിലെ കുടിയാന്മാർ കഠിനഹൃദയരും മത്സരികളും ആണ്. അവർ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥനു

വിധേയപ്പെടാത്തവരും അവിശ്വസ്തരും ആയിരുന്നു. ഇതുതന്നെയായിരുന്നു അന്നത്തെ യഹൂദ നേതൃത്വത്തിന്റെ അവസ്ഥയും. അവർ അവിശ്വാസികളും ദൈവത്തോട് മത്സരിക്കുന്നവരും ആയിരുന്നു.

മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ അതിനു വേലികെട്ടി, അതിൽ ഒരു മുന്തിരിച്ചക്ക് സ്ഥാപിക്കുകയും ഗോപുരം പണിയുകയും ചെയ്തു. ചെയ്യേണ്ടതെല്ലാം ചെയ്തു തീർത്തിട്ടാണ് അത് പാട്ടക്കർഷകരെ അഥവാ കുടിയാന്മാരെ ഏൽപ്പിച്ചത്. അന്നത്തെ പതിവനുസരിച്ച് കൃഷി ചെയ്യുന്നവർക്ക് ഇത്ര പങ്കും ബാക്കി ഉടമസ്ഥനും എന്ന കരാർ അനുസരിച്ചാണ് തോട്ടം, കർഷകർക്ക് നൽകിയിരുന്നത്. അതനുസരിച്ച് ഉടമസ്ഥൻ വിളവുകാലം അടുത്തപ്പോൾ തനിക്ക് അവകാശപ്പെട്ട വിളവ് എടുക്കുന്നതിന് തന്റെ ദാസന്മാരെ അയച്ചു. എന്നാൽ കൃഷിക്കാർ ആ ദാസന്മാരെ ഉപദ്രവിക്കുകയും ഒരുവനെ കൊല്ലുകയും മറ്റൊരുവനെ കല്ലെറിയുകയും ചെയ്തു. ഈ ദാസന്മാർ ദൈവം തന്റെ ജനത്തിന്റെ അടുക്കലേക്ക് അയച്ച പഴയ നിയമ പ്രവാചകന്മാരെയാണ് കാണിക്കുന്നത്. ഉടമസ്ഥൻ കൃഷിക്കാരോട് ദീർഘക്ഷമ കാണിച്ചത് പോലെ ദൈവം തന്റെ പ്രവാചകന്മാരെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്ത ഇസ്രായേലിന്റെ രാജാവ് ഉൾപ്പെടെയുള്ള നേതൃത്വത്തോട് ദീർഘക്ഷമയോടെയാണ് ഇടപെട്ടത്. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ കൂടുതൽ ദാസന്മാരെ കൃഷിക്കാരുടെ അടുത്തേക്ക് പറഞ്ഞയച്ചത് പോലെ, ദൈവം പിന്നെയും പ്രവാചകന്മാരെ തന്റെ ജനമായ ഇസ്രായേലിന്റെ അടുത്തേക്ക് അയയ്ക്കുകയാണ് ചെയ്തത്. കൃഷിക്കാർ കൂടുതൽ ഹൃദയകാഠിന്യത്തോടെ അവരോട് ക്രൂരമായി ഇടപെട്ടതുപോലെതന്നെ ആയിരുന്നു യഹൂദാ ജനം ദൈവത്തിന്റെ പ്രവാചകന്മാരോടും ചെയ്തത്.

മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ അവസാനമായി തന്റെ മകനെ ആ ക്രൂരന്മാരായ കുടിയാന്മാരുടെ അടുത്തേക്ക് അയച്ചു. എന്നാൽ അവർ എങ്ങനെയാണ് പ്രതികരിച്ചത്? മകനെ കണ്ടിട്ട് അവർ: 'ഇവൻ അവകാശി വരുവിൻ നാം അവനെ കൊന്ന് അവന്റെ അവകാശം കൈവശമാക്കുക എന്ന് തമ്മിൽ പറഞ്ഞു, അവനെ പിടിച്ച് തോട്ടത്തിൽ നിന്ന് പുറത്താക്കി കൊന്നു കളഞ്ഞു'. എത്ര ക്രൂരവും ഹീനവും നിഷ്ഠൂരവുമായ പ്രവർത്തി ആയിരുന്നു അത്. ഇതിലൂടെ തന്നോട് യഹൂദ നേതൃത്വം ചെയ്യുവാൻ ഇരിക്കുന്ന ക്രൂരമായ പ്രവർത്തിയെക്കുറിച്ച് കർത്താവ് അവർക്ക് വ്യക്തമായ സൂചന നൽകുകയായിരുന്നു.

യഹൂദാനേതൃത്വത്തിന് അന്നു പറ്റിയ ഭോഷത്വം ഇന്നത്തെ സഭാനേതൃത്തിനും സംഭവിക്കുന്നുവോ? നേതൃത്വം അധികാരം ദുർവിനിയോഗം ചെയ്താൽ ഉണ്ടാകുന്ന ആപത്ത് വളരെ വലുതാണ്. ഹൃദയം കഠിനപ്പെട്ടാൽ കണ്ണുകൾ അന്ധമാകും. പ്രവർത്തികൾ അധാർമികവും നിഷ്ഠൂരവും ആകും. ആത്മികനേതൃത്വം എപ്പോഴും പരിശുദ്ധാത്മാവിന് വിധേയപ്പെട്ട് ദൈവഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ ചെയ്യാതെ വന്നാൽ അവരും അവരുടെ പരിപാലനത്തിൻ കീഴിൽ ആയിരിക്കുന്ന വിശ്വാസികളും അപകടത്തിൽ പെടും.

ദൈവസഭയുടെ ഉടമസ്ഥൻ കർത്താവ് മാത്രമാണ്. കർത്താവ് തന്റെ സ്വന്തരക്തത്താൽ സമ്പാദിച്ചതാണ് അവിടുത്തെ സഭ. സഭാധ്യക്ഷന്മാർക്കുള്ള പ്രബോധനം ശ്രദ്ധിക്കുക:'നിങ്ങളെ തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്ക്കുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ അധ്യക്ഷരാക്കി വെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ' (പ്രവൃത്തികൾ 20:28). ആത്മീകനേതൃത്വത്തിലുള്ള ഓരോരുത്തരും തങ്ങളെ തന്നെ ജാഗ്രതയോടെ സൂക്ഷിക്കണം. ആടുകളുടെ വലിയ ഇടയനായ ക്രിസ്തുവിന്റെ കൈക്കീഴിൽ ആയിരിക്കുന്നതിൽ ശ്രദ്ധിക്കണം. ക്രിസ്തുവിൽ നിന്നും അകന്നു പോകുവാനോ ലക്ഷ്യം തെറ്റിപ്പോകുവാനോ ഇടയാകരുത്. സ്വയം സൂക്ഷിക്കുന്നവർക്ക് മാത്രമേ തങ്ങളുടെ പരിപാലനത്തിലുള്ള സഭാവിശ്വാസികളെ ക്രിസ്തുവിന്റെ കൈക്കീഴിലെ ആടുകളായി ചേർത്തുനിർത്തുവാൻ കഴിയുകയുള്ളൂ.

ഓരോ വിശ്വാസിയേയും ക്രിസ്തു തന്റെ സ്വന്തരക്തത്താൽ വിലയ്ക്ക് വാങ്ങിയതാണ്. ക്രിസ്തുവിനു മാത്രമാണ് അവരുടെ മേൽ കർതൃത്വം ഉള്ളത്. മുന്തിരിത്തോട്ടത്തെ കൈവശമാക്കുവാൻ കുടിലതന്ത്രം മെനഞ്ഞ കുടിയാന്മാരെപ്പോലെ ആരും ആകരുത്. ബിസിനസ്സ് കണ്ണോടു കൂടി ദൈവത്തിന്റെ സഭയെ കാണുന്ന പ്രവണത അങ്ങേയറ്റം തെറ്റായ ഒന്നാണ്. മുന്തിരിത്തോട്ടത്തിൽ കൃഷി ചെയ്യുന്ന കൃഷിക്കാരെപ്പോലെ മാത്രമാണ് ആത്മികശുശ്രൂഷകർ എന്നത് മറക്കുവാൻ പാടില്ല. പൗലോസ് അപ്പോസ്തലൻ ഇത് വ്യക്തമാക്കുന്നു: 'അപ്പൊല്ലോസ് ആർ?

പൗലോസ് ആർ? തങ്ങൾക്ക് കർത്താവ് നൽകിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രേ. ഞാൻ നട്ടു, അപ്പല്ലോസ് നനച്ചു, ദൈവമത്രെ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല. നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ. ഓരോരുത്തന് താന്താന്റെ അദ്ധ്വാനത്തിനൊത്തവണ്ണം കൂലി കിട്ടും. 'ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ, നിങ്ങൾ ദൈവത്തിന്റെ കൃഷി' (1 കൊരിന്ത്യർ 3: 5 - 9).

കർത്താവ് ഈ ഉപമയുടെ അവസാനത്തിൽ മഹാപുരോഹിതന്മാരോടും മൂപ്പന്മാരോടും ചോദിച്ചു: 'ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോട് എന്തുചെയ്യും?'. അവർ കൃത്യമായ മറുപടി യേശുവിനു കൊടുത്തു: 'അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ചു തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്ക് തോട്ടം ഏൽപ്പിക്കും' സങ്കീർത്തനം 118: 22,23 വാക്യങ്ങൾ 'വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ല് ആയിത്തീർന്നിരിക്കുന്നു. ഇത് കർത്താവിനാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവും ആയിരിക്കുന്നു' എന്ന തിരുവെഴുത്ത് ഉദ്ധരിച്ചുകൊണ്ട് കർത്താവ് അവരോട് വീണ്ടും ചോദിച്ചു, 'നിങ്ങൾ ഇത് ഒരിക്കലും വായിച്ചിട്ടില്ലയോ?' യഹൂദാനേതൃത്വത്തിനു പറ്റിയ യഥാർത്ഥ പിഴവ് കർത്താവ് അവർക്ക് ചൂണ്ടിക്കാണിച്ചു കൊടുത്തു. ദൈവവചനം വായിച്ച് ഗ്രഹിക്കുവാനോ, വചനത്തിൽ വിശ്വസിച്ച് അനുസരിച്ച് ജീവിച്ച് പ്രവർത്തിക്കുവാനോ അവർ ഉത്സാഹിച്ചില്ല. മശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ ഗ്രഹിക്കുവാൻ കഴിയാതെ പോയതുകൊണ്ട് മശിഹായെ തിരിച്ചറിയുവാൻ അവർക്കു കഴിഞ്ഞില്ല. വചനത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി വായിച്ച് ഗ്രഹിക്കുന്നതിലും വിശ്വസിച്ച് അനുസരിക്കുന്നതിലും ഉത്സാഹം കാണിക്കാതെ വന്നാൽ ഏതു കാലഘട്ടത്തിലും ആത്മീകനേതൃത്വം പരാജയപ്പെടും. പരാജയപ്പെട്ട ആത്മീയ നേതൃത്വത്തിൻ കീഴിൽ വിശ്വാസി സമൂഹവും വഴിതെറ്റും. ആകയാൽ ഏവർക്കും ജാഗ്രത അനിവാര്യം.

മഹാപുരോഹിതന്മാരും മൂപ്പന്മാരും നൽകിയ മറുപടിക്ക് തുടർച്ചയായി കർത്താവ് അവരോട് പറഞ്ഞു, 'അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും'. വീടുപണിയുവാൻ ചുമതലപ്പെടുത്തപ്പെട്ടിരുന്ന മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരും തള്ളിക്കളഞ്ഞ കല്ലായ വാഗ്ദത്തമശിഹയാകുന്ന യേശുവിനെ മൂലക്കല്ലാക്കി ദൈവം തന്റെ സഭയെ പണിയും എന്ന് കർത്താവ് അവരോട് പറഞ്ഞു. സഭയിൽ യഹൂദന്, അവർ ദൈവത്തിന്റെ സ്വന്തജനം എന്ന് അഭിമാനിച്ചിരിക്കുന്ന, അഭിമാനിക്കാവുന്ന പ്രത്യേകതകൾ ഒന്നുമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും അബ്രഹാമിന്റെ സന്തതികളും ക്രിസ്തുവിൽ തുല്യരും ഏകദേഹവും ആണ് (ഗലാത്യർ 3: 27 - 29). യേശു എന്ന കല്ലിനോട് ചേർത്ത് പണിയപ്പെടാത്ത, അതായത് ക്രിസ്തുവിൽ വിശ്വസിക്കാത്ത എല്ലാവരും ശിക്ഷാവിധിയിലേക്ക് പോകേണ്ടിവരും. 'ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും, അത് ആരുടെമേലെങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നതിന്റെ അർത്ഥം അതുതന്നെയാണ്.

## യേശു എന്ന കല്ലിനോട് ചേർത്തു പണിയപ്പെടാത്ത, അതായത് ക്രിസ്തുവിൽ വിശ്വസിക്കാത്ത എല്ലാവരും ശിക്ഷാവിധിയിലേക്ക് പോകേണ്ടിവരും.

ഇത്രയും വ്യക്തമായും സ്പഷ്ടമായും കർത്താവ് അവരോട് സംസാരിച്ചിട്ടും അജ്ഞതയാലും അവിശ്വാസത്താലും ഹൃദയം കഠിനപ്പെട്ട അവർ മാനസാന്തരപ്പെട്ടില്ല. പ്രത്യുത, യേശുവിനെ കൊല്ലുവാനുള്ള ഗൂഢാലോചനയിലേക്ക് ആണ് അവർ കടന്നത്. അതായത് മാനസാന്തരം സാധ്യമാകാത്ത നിലയിലുള്ള ഹൃദയകാഠിന്യം. നമ്മുടെ ജീവിതത്തിൽ ഇപ്രകാരം സംഭവിക്കാതിരിക്കുവാൻ നമുക്ക് ജാഗ്രതയുള്ളവരാകാം. നമുക്കുള്ള പ്രബോധനം ശ്രദ്ധിക്കുക: "സഹോദരന്മാരെ ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ. പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് 'ഇന്ന്' എന്നു പറയുന്നിടത്തോളം നാളുതോറും അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ. ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചു കൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായി തീർന്നിരിക്കുന്നുവല്ലോ" ( എബ്രായർ 3: 12 - 14). ഈ ബുദ്ധിയുപദേശം നമുക്ക് ജാഗ്രതയോടെ സ്വീകരിക്കാം, അനുസരിക്കാം ●

ക്കിയതും നയീനിലെ വിധവയുടെ മകനെ ഉയിർപ്പിച്ച് (ലൂക്കൊസ് 7:1-17) 'സമയം കളയുന്നതുമൊക്കെ' യോഹന്നാനു സഹിക്കാൻ കഴിയുമായിരുന്നില്ല. ഇതെന്ത്? ന്യായം വിധിക്കാൻ വരുന്നവൻ കരുണയും കാണിച്ചു നടക്കുന്നുവോ? ന്യായവും കരുണയും എപ്പോഴും വിരുദ്ധ ധ്രുവങ്ങളിലായിരിക്കും. "വരുവാനുള്ളവൻ നീ തന്നെയോ, അതോ ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണമോ?" (ലൂക്കൊസ് 7:19).

യേശു ന്യായവും കരുണയും യോജിപ്പിച്ചു. ന്യായവിധിയുടെ കരിമ്പാറപ്പുറത്തേക്കു പാപിയെ തള്ളിയിടുന്നതിനുമുമ്പ് അവൻ അവിടെ കരുണയുടെ മെത്തവിരിച്ചു. അസ്ഥികളൊടിയാതെ, ദണ്ഡനമറിയാതെ പാപിയെ അവിടെ താങ്ങിക്കിടത്തിയ ആ നനുത്ത മെത്ത യേശു തന്നെയായിരുന്നു. അവനിലേക്കു വീണവർക്കാർക്കും ഒരു ശിക്ഷാവിധിയും അനുഭവിക്കേണ്ടിവന്നില്ല (റോമർ 8.1).

ഹൃദയത്തിന്റെ പ്രവർത്തനം നിലച്ചവനു പുതിയ ഹൃദയം ജീവനാണ്. ഹൃദയദാതാവ് അവനു ജീവദാതാവാണ്. എന്നാൽ, ഒരു ദാതാവുണ്ടായതുകൊണ്ടുമാത്രം ഒരാളും മരണത്തിൽനിന്നു ജീവനിലേക്കു കടക്കുന്നില്ല. അതിനു രണ്ടു സർജറികൾ ആവശ്യമുണ്ട്- ഒന്ന് ഹൃദയദാതാവിനും, മറ്റൊന്ന് ഹൃദയസ്വീകർത്താവിനും. നമുക്കു ജീവൻ നല്കാനായി നമ്മുടെ മരണം ഏറ്റെടുക്കേണ്ടതിനു ജീവദാതാവായ യേശുവിന്റെ സർജറി രണ്ടായിരം കൊല്ലം മുമ്പു നടന്നുകഴിഞ്ഞു. സ്വീകർത്താവിന്റെ സർജറിയാണു അടുത്തതായി നടക്കേണ്ടത്. അതാണു വീണ്ടുംജനനം. വീണ്ടും ജനനത്തിനുള്ള ഒരുക്കമാണു മാനസാന്തരം! ഒരു ശസ്ത്രക്രിയയ്ക്കു തയ്യാറല്ലാത്തവനു മരണമേ ബാക്കിയുള്ളൂ. എന്നാൽ, വേദനാപൂർണ്ണമെങ്കിലും ആ ശസ്ത്രക്രിയയിലൂടെ കടന്നുപോകുന്നവർക്കു അതു ജീവനാണ്.

ശസ്ത്രക്രിയ കഴിഞ്ഞാൽ പിന്നെയും ചില കടമ്പകൾ കടക്കാനുണ്ട്. എന്റെ ശരീരത്തിന്റെ പുതിയ ഹൃദയം ഒരു "ഫോറിൻ ബോഡി'യാണ്. എന്റെ ശരീരം പുതിയ ഹൃദയത്തെ വിമുഖത കൂടാതെ ഏറ്റെടുത്താൽ മാത്രമേ പുതിയ ഹൃദയത്തിനു എന്റെ ശരീരത്തിൽ പ്രവർത്തിക്കാൻ കഴിയൂ. എന്റെ പഴയ ശരീരത്തിലേക്കു യേശുവിന്റെ ഹൃദയം വച്ചുപിടിപ്പിച്ചിരിക്കുകയാണ്. എന്റെ ശരീരം രൂപാന്തരപ്പെട്ടിട്ടില്ല. പുതിയ ഹൃദയമാണ്- ഇപ്പോഴെന്നിൽ മിടിക്കുന്നത്. പുതിയ ഹൃദയത്തിന്റെ ഇഷ്ടത്തിനനുസരിച്ച് എന്റെ പഴയ ശരീരം വഴങ്ങിക്കൊടുത്തെങ്കിലേ പുതിയ ഹൃദയത്തിനു എന്റെ നാഡീഞരമ്പുകളിലേക്കു രക്തം പമ്പുചെയ്യാനാകൂ.എന്റെ ചുരുങ്ങിപ്പോയ രക്തവാഹിനികളിലേക്കു ഇപ്പോൾ യേശുവിന്റെ ഹൃദയം അവന്റെ രക്തം ഒഴുക്കിത്തരികയാണ്.

യേശു എന്നെ മരണത്തിൽനിന്നു വീണ്ടെടുത്ത്, വീണ്ടും വെന്റിലേറ്ററിൽ ഇട്ടിരിക്കുകയല്ല. ഞാനിപ്പോൾ ഐ. സി. യുവിലുമല്ല കിടക്കുന്നത്. അവന്റെ ഹൃദയവുമായി ഞാൻ സ്വതന്ത്രലോകത്തേക്ക് ഇറങ്ങിയിരിക്കുകയാണ്. അവൻ എന്നിൽ പകർന്നതു ജീവനാണ്. ആ ജീവൻ എന്നിൽ വളരുകയാണ്. മലിനപ്പെട്ടുപോയിരുന്ന എന്റെ ജീവിതത്തിലേക്കു അവനിപ്പോൾ വിശുദ്ധിയുടെ പുതുനിണം ഒഴുക്കിത്തരികയാണ്. അതെ, ഞാൻ ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

രണ്ടായിരം വർഷം മുമ്പ് അവൻ വന്നത് എനിക്കു ജീവൻ നല്കാനാണ്. അവൻ ഇനിയും വരുന്നത് ന്യായവിധിക്കായാണ്. എന്നാൽ, അവൻ ഇപ്പോൾ എന്നിൽ ജീവിക്കുന്നത് എനിക്കു വിശുദ്ധി നല്കാനാണ്. അതെ, ശുദ്ധീകരണമാണ് അവൻ എന്നിൽ ചെയ്യുന്ന പ്രവൃത്തി. "അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും" (മലാഖി 3:2). മലിനതകളുടെ ചെളിക്കുണ്ടിൽ പൂണ്ടുകിടന്നിരുന്ന എന്നെ അവൻ പുറത്തെടുത്ത്, അലക്കുന്നവരുടെ സോപ്പ് (ചാരവെള്ളം) കൊണ്ടെന്നപോലെ അവന്റെ വിശുദ്ധ രക്തം കൊണ്ടു കഴുകിയെടുത്തു. എന്നാൽ, എന്റെ ഹൃദയത്തിൽ അടിഞ്ഞുകിടന്നിരുന്ന മോഹങ്ങളുടെ കീടം (blemish) പുറത്തെ കഴുകൽ കൊണ്ടു മാറുമായിരുന്നില്ല. അതിനു 'അഗ്നിശുദ്ധി'യായിരുന്നു ആവശ്യം. അതിനാൽ അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും "ഇരുന്നുകൊണ്ട്(തുടർമാനമായ പ്രവൃത്തി) ലേവിപുത്രന്മാരെ ശുദ്ധീകരിച്ച് വെള്ളി പോലെയും പൊന്നുപോലെയുംനിർമ്മലീകരിക്കും (മലാഖി 3:3). അതൊരു നീണ്ട പ്രക്രിയയാണ്. വെള്ളി ശുദ്ധീകരിക്കണമെങ്കിൽ അതു കഠിനമായ

ചൂടിലൂടെ കടന്നുപോകണം. വെള്ളിയുടെ ഉള്ളിൽ അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങൾ പുറത്തുവരണമെങ്കിൽ ഈ ചൂടിലൂള്ള ഉരുക്കം ആവശ്യമാണ്.

അഗ്നിശുദ്ധീകരണപ്രക്രിയയിൽ വെള്ളി കൃത്യമായി ശുദ്ധീകരിക്കപ്പെട്ടുവോ എന്നറിയാൻ മാർഗ്ഗം എന്താണ്? ഇക്കാലത്തു അതിനുള്ള ഉപകരണങ്ങളൊക്കെയുണ്ട്. എന്നാൽ, പണ്ടുകാലത്തു വെള്ളിപ്പണിക്കാരൻ (silversmith) അതറിഞ്ഞിരുന്നത് ഒരു പ്രത്യേക പരീക്ഷണത്തിലൂടെയാണ്. ഉരുക്കിയ വെള്ളി അയാൾ അടിച്ചുപരത്തി ഒരു പരന്ന തകിടാക്കും. ആ തകിടിൽ അയാളുടെ മുഖം കൃത്യമായി പ്രതിഫലിക്കുന്നുണ്ടെങ്കിൽ അതു കീടമില്ലാത്ത ശുദ്ധവെള്ളി (unblemished pure silver) ആണ്. അതു സംഭവിച്ചില്ലെങ്കിലോ?. വെള്ളിയിൽ മാലിന്യം (blemish) ബാക്കിയുണ്ടെന്നർഥം. വീണ്ടും ഉരുക്കിയേ പറ്റൂ. മാലിന്യം പൂർണമായി മാറിക്കൊള്ളും!

പണിക്കാരന്റെ മുഖം പ്രതിഫലിപ്പിക്കുകയാണു ശുദ്ധത തെളിയിക്കാനുള്ള മാർഗ്ഗം. യേശുവിന്റെ മുഖം പ്രതിഫലിപ്പിക്കുന്നതിൽ നാം വിജയിക്കുന്നില്ലെങ്കിൽ വീണ്ടും ഉരുക്കം ആവശ്യമായി വന്നേക്കാം. എന്നാൽ, യേശുവിന്റെ മുഖം നമ്മിൽ പ്രതിഫലിക്കുന്നുവെങ്കിലോ? പിന്നെ നമുക്കു നീതിയാൽ യഹോവയ്ക്കു വഴിപാട് അർപ്പിക്കാം (മലാഖി3:3). അപ്പോൾ നമ്മുടെ വഴിപാട് യഹോവയ്ക്കു പ്രസാദമായിരിക്കും (മലാഖി 3:4). ന്യായം വിധിക്കാൻ വരുന്ന മശിഹയുടെ മുമ്പിൽ നിൽക്കാനുള്ള ഒരുക്കം നാം പ്രാപിച്ചുകഴിഞ്ഞുവെന്നർത്ഥം! യേശുവിന്റെ മുഖം ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നവർക്കുവേണ്ടി ദൈവം 'ഒരു ദിവസം' ഒരുക്കിയിട്ടുണ്ട്. " ഞാൻ ഉണ്ടാക്കുവാനുള്ള ആ ദിവസത്തിൽ അവർ എനിക്കു ഒരു നിക്ഷേപമായിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. "ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും".

ഇന്ന് ഒരുപക്ഷേ, ദുഷ്ടൻ പ്രബലനായിരുന്നേക്കാം. യഹോവയെ സേവിക്കുന്നവർ നിരാലംബരെന്നു തോന്നിയേക്കാം. എന്നാൽ, ആ ദിവസം വരെ കാത്തിരിക്കുക. അപ്പോൾ നിങ്ങൾ നീതിമാനും ദുഷ്ടനും ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വീണ്ടും കാണും" (മലാഖി 3:18). ഇനിയും ഒരു ശസ്ത്രക്രിയയ്ക്കു തയ്യാറാവാതെ, യേശുവിന്റെ ഹൃദയത്തെ തന്റെ ജീവിതത്തിൽ വച്ചുപിടിപ്പിക്കാൻ മനസ്സില്ലാതെ, ചീഞ്ഞ ഹൃദയവുമായി ജീവിതം തുടരുന്നവരുടെ ഗതിയോ? അവന്റെ ഹൃദയം അകത്തു കയറ്റിയിട്ടും ശരീരം അതിനെ തിരസ്കരിച്ചാലോ? അഗ്നിയുടെ ശുദ്ധീകരണത്തിനായി ഉലയിൽ കിടന്നുകൊടുക്കാഞ്ഞാലോ?

**ഏതെങ്കിലും ഒരു അഗ്നിയിലൂടെ എല്ലാവരും കടന്നുപോകണം. ഒന്നുകിൽ ശുദ്ധീകരിക്കുന്ന അഗ്നിയിലൂടെ, അല്ലെങ്കിൽ ദഹിപ്പിക്കുന്ന അഗ്നിയിലൂടെ... അഗ്നിയെപ്പറ്റി പറയാറുള്ള സത്യം: അഗ്നി, കത്തിപ്പോകുന്നതിനെയല്ലാം ദഹിപ്പിച്ചുകളയുന്നു: ദഹിപ്പിക്കാൻ കഴിയാത്തതിനെ അതു ശുദ്ധീകരിക്കുന്നു**

ശുദ്ധീകരണത്തിന്റെ അഗ്നിയെ ഒഴിവാക്കുന്നവർക്കായി മറ്റൊരു അഗ്നി വരുന്നുണ്ട്. "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും" എന്നു യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 4:1).

ഏതെങ്കിലും ഒരു അഗ്നിയിലൂടെ എല്ലാവരും കടന്നുപോകണം. ഒന്നുകിൽ ശുദ്ധീകരിക്കുന്ന അഗ്നിയിലൂടെ, അല്ലെങ്കിൽ ദഹിപ്പിക്കുന്ന അഗ്നിയിലൂടെ... അഗ്നിയെപ്പറ്റി പറയാറുള്ള സത്യം: അഗ്നി, കത്തിപ്പോകുന്നതിനെയല്ലാം ദഹിപ്പിച്ചുകളയുന്നു: ദഹിപ്പിക്കാൻ കഴിയാത്തതിനെ അതു ശുദ്ധീകരിക്കുന്നു (Fire burns what it cannot purify, and purifies what it cannot burn!). ഏത് അഗ്നിയാണു നിങ്ങൾ തിരഞ്ഞെടുക്കുക? വെള്ളിയെ ശുദ്ധീകരിക്കുന്ന അഗ്നിയോ, അതോ വേരുംകൊമ്പും ശേഷിപ്പിക്കാതെ ദഹിപ്പിക്കുന്ന നിത്യാഗ്നിയോ? അഹങ്കാരികൾക്കു നിത്യാഗ്നി. എന്നാൽ, "യഹോവയുടെ നാമത്തെ ഭയപ്പെടുന്നവർക്കോ, നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും" (മലാഖി 4:2).

•

# തിന്മയുടെ തിരത്തള്ളലും കൃപയുടെ ലൈഫ് ബോട്ടും

യുദ്ധങ്ങളുടെയും അതിക്രമങ്ങളുടെയും അധാർമികതയുടെയും മൂർത്തമായ കാലത്താണ് മാനവലോകം എത്തി നിൽക്കുന്നത്. എവിടെയും മ്ലേച്ഛതയുടെയും അടക്കമില്ലാത്ത തിന്മകളുടെയും വേലിയേറ്റം! എന്തു വഷളത്തരവും ന്യായീകരിക്കുന്ന സമൂഹം. മനുഷ്യന്റെ അടങ്ങാത്ത (restless) തിന്മകളുടെ ഉത്ഭവം ഹൃദയത്തിലാണ്. ഹൃദയം നിറഞ്ഞു കവിയുന്നതാണ് നാവിലൂടെയും പ്രവൃത്തിയിലൂടെയും പുറത്തു വരിക. അതു കാട്ടുതീ പോലെ സമൂഹത്തിൽ നാശം വിതച്ചു കൊണ്ടിരിക്കുന്നു.

ഇതിനിടയിൽ പകച്ചുനിൽക്കുന്നവർക്കുള്ള പ്രതീക്ഷ എവിടെയാണ്? യെശയ്യാപ്രവാചക വാക്യം ഇങ്ങനെ: 'അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുന്നു, നിന്റെ മേലോ യഹോവ ഉദിക്കും. അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും.' അപ്പോസ്തല വചനവും ഇപ്രകാരമാണല്ലോ, 'പാപം വർദ്ധിച്ചപ്പോൾ കൃപയും ഏറെ വർദ്ധിച്ചു' അഥവാ, ഏതുകാലത്തെയും ക്രൂരതയ്ക്കും പാപത്തിന്റെ കുത്തൊഴുക്കിനും പരിഹാരമാണ് ക്രൂശിൽ ചൊരിയപ്പെട്ട ദൈവപുത്രന്റെ പുണ്യാഹരക്തം. ആ രക്തത്തിന്റെ ശക്തി ഒഴുകിച്ചെല്ലുന്നിടത്തെല്ലാം വീണ്ടുംജനനത്തിന്റെ പ്രതീക്ഷകൾ നാമ്പിടും. 'പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി. അങ്ങനെ അവനിൽ നമ്മെ ദൈവത്തിന്റെ നീതിയാക്കി'. അതാണ് തിന്മയുടെ തിരത്തള്ളലിലെ ലൈഫ് ബോട്ട്!

അന്ധകാരത്തിന്റെ ലോകാധിപതിയായ പിശാച് ഭോഗേച്ഛയിലേക്ക് മനുഷ്യനെ തള്ളിയിട്ടിട്ട് ദൈവവുമായുള്ള കൂട്ടായ്മാബന്ധം ഇല്ലാതാക്കാൻ എന്നും ജാഗ്രതയോടെ ശ്രമിക്കുന്നു. ഏദനിൽ പയറ്റിയ അതേ തന്ത്രമാണ് ഇന്നും അവൻ ഭൂമിയിൽ എങ്ങും പയറ്റി ജനലക്ഷങ്ങളെ അവന്റെ പക്ഷത്തേക്ക് അടുപ്പിക്കുന്നത്. പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് അവനോട് എതിർത്തു നിന്നാൽ ദൈവകൃപയുടെ കപ്പലിൽ കയറി നിത്യതയുടെ തീരമണയാൻ ഏവർക്കും കഴിയും. അപ്രകാരം നിത്യ തേജസ്സോടെ നമ്മുടെ രക്ഷകനോടൊപ്പം പിതൃ സന്നിധി അണയാൻ പാപികളിൽ പ്രമാണികളായ നമുക്കെല്ലാം ഇടയാകട്ടെ. അതിനായി പരിശുദ്ധാത്മാവ് നമ്മെ തുണയ്ക്കട്ടെ.

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.11.2024

NERVEEDHI - NOVEMBER 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




ഇപ്പോൾ ലഭ്യമാണ്

ജീവിതത്തിലെ പല സുപ്രധാന സംഭവങ്ങളും അപ്രതീക്ഷിതമായ സമയത്താണു ഉണ്ടായിട്ടുള്ളത്. അവയൊക്കെ സംഭവിക്കും എന്നു നമുക്കറിയാമായിരുന്നവയോ സംഭവിക്കണം എന്നു നാം ആഗ്രഹിച്ചവയോ ആയിരുന്നിരിക്കാം, എന്നാൽ അവ സംഭവിച്ച സമയവും സംഭവിച്ച വിധവും പ്രതീക്ഷിച്ചതായിരിക്കില്ല. അവയിൽ മക്കളുടെ വിവാഹം പോലെ അനുകൂലമായവയും ഉറ്റവരുടെ വിയോഗം പോലെ പ്രതികൂലമായവയും ഉണ്ടാകാം. അഭികാമ്യമായ അത്തരം അനുഭവങ്ങൾ ഉണ്ടാക്കിയ ആനന്ദവും അഭികാമ്യമല്ലാത്തവ ഉണ്ടാക്കിയ സങ്കടങ്ങളും കാലം മായിച്ചു കളഞ്ഞു എന്നതും സത്യമാണ്. ഇപ്പോഴും വളരെ പ്രതീക്ഷയോടും ആഗ്രഹത്തോടും നാം കാത്തിരിക്കുന്ന പലതും താല്ക്കാലിക നിർവൃതി നല്കി കടന്നു പോകും.......

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib

വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്
ഏറ്റവും പ്രയോജനപ്രദമായ ക്രിസ്തീയ മാസിക
നേർവീഥി
വായിക്കുക... വരിക്കാരാവുക

*Address for Communication :*
*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.